بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْد

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly **BADAR** Qadian Malayalam

വാല്യം 3

ലക്കം 38

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 സെപ്റ്റംബർ 20/ഹി:ശം:1397 തബൂക് 20/ഹി:ഖ:1440 മുഹർറം 9

## അല്ലാഹുവിന്റെ വചനം

وَلَا تَيَمَّمُوا الْخَبِيْثَ مِنْهُ تُنْفِقُوْنَ وَلَسْتُمْ بِاٰخِذِيْهِ اِلَّآ اَنْ تُغْمِضُوْا فِيْهِ ؕ وَاعْلَمُوْٓا اَنَّ اللّٰهَ غَنِيٌّ حَمِيْدٌ

അതിൽ നിന്ന് ചീത്തയായത് ചെലവു ചെയ്യാൻ നിങ്ങൾ ഉദ്ദേശിക്കരുത്.(നിങ്ങൾക്കാണ് അത് തരുന്നതെങ്കിൽ) കണ്ണടച്ചുകൊണ്ടല്ലാതെ നിങ്ങൾ അത് സ്വീകരിക്കുന്നവരല്ലല്ലോ. അല്ലാഹു സ്വയം പര്യാപ്തനും സ്തുത്യർഹനുമാണ് എന്ന് നിങ്ങൾ സ്വയം അറിഞ്ഞുകൊള്ളുക. (2:268)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു:**
**കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിലുള്ള നമ്മുടെ അധ്യാപനം എന്ന ഭാഗം ഒരു അഹ്മദി തീർച്ചയായും വായിക്കേണ്ടതാണ്. എന്നല്ല കശ്തിയെ നൂഹ് മുഴുവനും തന്നെ വായിക്കേണ്ടതാണ്.**

غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ

**എന്നതിൽ ഒരു പ്രവചനം മറഞ്ഞിരിപ്പുണ്ട്. അതായത് മുസ്ലിംകളിൽ ചിലർ തങ്ങളുടെ സത്യസന്ധതയും പരിശുദ്ധിയും കാരണം നബിമാരുടെ പിന്തുടർച്ചാവകാശികളായിത്തീരുകയും നുബുവ്വത്തിന്റേയും രിസാലത്തിന്റേയും അനുഗ്രഹങ്ങൾ ലഭിച്ചവരായിമാറുകയും ചെയ്യുന്നതാണ്. ചിലർ യഹൂദി സ്വഭാവക്കാരായിത്തീരും. അവരിൽ ഈ ലോകത്തുതന്നെ ശിക്ഷ ഇറങ്ങുന്നതായിരിക്കും. ചിലർ ക്രിസ്തുമതത്തിന്റെ വസ്ത്രം ധരിച്ചവരായിരിക്കും. കാരണം ദൈവഗ്രന്ഥത്തിൽ നിർണയിക്കപ്പെട്ട നടപടിക്രമമാണിത്. ഏതെങ്കിലും ഒരു ജനതയെ ഒരു കാര്യത്തിൽനിന്ന് തടയുമ്പോൾ അവരിൽ ചിലർ തീർച്ചയായും പ്രസ്തുത നിഷിദ്ധകാര്യം ചെയ്യുന്നതാണെന്ന് അല്ലാഹുവിന്നറിയാം. ചിലർ നന്മയിലും സൗഭാഗ്യത്തിലും ഭാഗഭാക്കാകുന്നവരുമുണ്ടാകും.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

വിശുദ്ധഖുർആനിലെ ഫാത്തിഹ അധ്യായം വെറുമൊരു അധ്യാപനം മാത്രമല്ല. അതിൽ മഹത്തായ പ്രവചനവും അടങ്ങിയിട്ടുണ്ട്. അതിതാണ്: 'അല്ലാഹു തന്റെ നാല് വിശിഷ്ടഗുണങ്ങളായ പരിപാലനത്വം, പരമകാരുണികത്വം, ദയാർദ്രത്വം, രക്ഷാശിക്ഷയുടെ നാളിന്റെ അധികാരത്വം എന്നിവയെക്കുറിച്ച് അനുസ്മരിക്കുകയും പൊതുവിലുള്ള തന്റെ ദിവ്യശക്തി പ്രകടിപ്പിക്കുകയും ചെയ്തതിനുശേഷം തുടർന്നുള്ള വചനങ്ങളിൽ ഈ പ്രാർഥന പഠിപ്പിച്ചുതന്നിരിക്കുന്നു. അതായത്, അല്ലാഹുവേ ഞങ്ങളെ പൂർവ്വകാല സത്യാത്മാക്കളുടേയും പ്രവാചകന്മാരുടേയും റസൂൽമാരുടേയും അവകാശികളാക്കിത്തീർക്കേണമേ. അവരുടെ പാത ഞങ്ങൾക്കു വ്യക്തമാക്കിത്തന്ന് അവർക്ക് ലഭിച്ച അനുഗ്രഹങ്ങൾ ഞങ്ങൾക്കും പ്രദാനം ചെയ്യേണമേ. അല്ലാഹുവേ, ഈ ലോകത്തുതന്നെ നിന്റെ ശിക്ഷ ഇറങ്ങിയിരുന്ന സമുദായത്തിൽപെട്ടുപോകുന്നതിൽനിന്ന് നീ ഞങ്ങളെ സംരക്ഷിക്കേണമേ. അതായത് മസീഹിന്റെ കാലത്തുള്ള യഹൂദികൾ പ്ലേഗുമൂലം നാശമടഞ്ഞിരുന്നു. നീ ഞങ്ങളെ അവരിൽ പെടുത്താതിരിക്കേണമേ. അല്ലാഹുവേ, നിന്റെ മാർഗദർശനം ലഭിക്കാത്തതിന്റെ ഫലമായി മാർഗഭ്രംശം വന്ന ജനങ്ങളിൽ അതായത് നസ്വാറാക്കളിൽ നീ ഞങ്ങളെ പെടുത്താതിരിക്കേണമേ.' ഈ പ്രാർഥനയിൽ ഒരു പ്രവചനം മറഞ്ഞിരിപ്പുണ്ട്. അതായത് മുസ്ലിംകളിൽ ചിലർ തങ്ങളുടെ സത്യസന്ധതയും പരിശുദ്ധിയും കാരണം നബിമാരുടെ പിന്തുടർച്ചാവകാശികളായിത്തീരുകയും നുബുവ്വത്തിന്റേയും രിസാലത്തിന്റേയും അനുഗ്രഹങ്ങൾ ലഭിച്ചവരായിമാറുകയും ചെയ്യുന്നതാണ്. ചിലർ യഹൂദി സ്വഭാവക്കാരായിത്തീരും. അവരിൽ ഈ ലോകത്തുതന്നെ ശിക്ഷ ഇറങ്ങുന്നതായിരിക്കും. ചിലർ ക്രിസ്തുമതത്തിന്റെ വസ്ത്രം ധരിച്ചവരായിരിക്കും. കാരണം ദൈവഗ്രന്ഥത്തിൽ നിർണയിക്കപ്പെട്ട നടപടിക്രമമാണിത്. ഏതെങ്കിലും ഒരു ജനതയെ ഒരു കാര്യത്തിൽനിന്ന് തടയുമ്പോൾ അവരിൽ ചിലർ തീർച്ചയായും പ്രസ്തുത നിഷിദ്ധകാര്യം ചെയ്യുന്നതാണെന്ന് അല്ലാഹുവിന്നറിയാം. ചിലർ നന്മയിലും സൗഭാഗ്യത്തിലും ഭാഗഭാക്കാകുന്നവരുമുണ്ടാകും. ലോകാരംഭംതൊട്ട് അവസാനംവരെ ദൈവനിയുക്തമായ എല്ലാ ഗ്രന്ഥങ്ങളിലും അല്ലാഹുവിന്റെ ഈ സനാതന നിയമം ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. അതായത് അവൻ ഒരു ജനതയെ ഒരു കാര്യത്തിൽനിന്ന് തടയുകയോ ഒരു കാര്യത്തോട് താൽപര്യമുണ്ടാക്കുകയോ ചെയ്താൽ ചിലർ ആ കാര്യം ചെയ്യുകയും ചിലർ ചെയ്യാതിരിക്കുകയും ചെയ്യുന്നതാണെന്ന കാര്യം അവന്റെ അറിവിൽ നിശ്ചയിക്കപ്പെട്ടിട്ടുണ്ടാകും. ഈ ഉമ്മത്തിൽനിന്ന് ഏതെങ്കിലും വ്യക്തി പരിപൂർണമായ നിലയിൽ നബിമാരുടെ വർണത്തിൽ പ്രത്യക്ഷനാകുന്നതാണെന്ന് ഫാത്തിഹ അധ്യായം പ്രവചിച്ചുകൊണ്ടിരിക്കുന്നു. ആ പ്രവചനം *സ്വിറാത്തല്ലദീന അൻഅംത അലയ്ഹിം* എന്ന വചനത്തിൽ പ്രകടമാണ്. അത് പരിപൂർണവും തികവുറ്റതുമായ നിലയിൽ പൂർത്തിയാകേണ്ടതുണ്ട്. അവരിൽനിന്ന് ഒരു കൂട്ടർ ഹദ്റത്ത് ഈസാ നബിയുടെ ശാപത്തിന് പാത്രീഭവിക്കുകയും ദൈവശിക്ഷക്ക് ഇരയാവുകയും ചെയ്ത യഹൂദികളുടെ വർണത്തിൽ പ്രത്യക്ഷപ്പെടുന്നതും *ഗയ്രിൽ മഗ്ളൂബി അലയ്ഹിം* എന്ന വചനത്തിൽ പ്രവചിക്കപ്പെട്ട കാര്യം പൂർത്തിയാകുന്നതുമാണ്. അവരിൽനിന്ന് ഒരുകൂട്ടർ ക്രിസ്ത്യാനികളുടെ വർണം ഉൾക്കൊണ്ടവരായി പ്രത്യക്ഷപ്പെടുന്നതായിരിക്കും. അവർ തങ്ങളുടെ മദ്യപാനം, ദുഷ്ക്കർമം, കുറ്റകൃത്യങ്ങൾ എന്നിവ കാരണം ദൈത്തിൽനിന്നുള്ള രക്ഷാമാർഗം നഷ്ടപ്പെട്ടവരായിത്തീരുകയും അങ്ങനെ *വലള്ളാലീൻ* എന്ന പ്രവചനം പ്രകടമാക്കുകയും ചെയ്യുന്നതാണ്. അവസാനകാലത്ത് ആയിരക്ക

(ശേഷം പേജ് 9ൽ)

## 124-ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് 124-ാമത് ജൽസ സാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2018 ഡിസംബർ 28,29,30(വെള്ളി, ശനി, ഞായർ) തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനുംവേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

*(നാള്വിർ ഇസ്ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# നബിയെ നിഷേധിച്ചാൽ മോക്ഷമോ?

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

**പ്രപഞ്ചത്തിന്റെ ഓരോ അംശവും സാക്ഷിപറയുന്ന ആ അദൃശ്യനായ ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുക എന്നതിനെക്കാളുപരി മനുഷ്യന് മറ്റെന്താണ് ചെയ്യാൻ കഴിയുക. തന്റെ നടപ്പും തന്റെ കഠിനാധ്വാനവും തന്റേതായ ശക്തിയും കൊണ്ട് ദൈവിക പ്രകാശത്തിനുമേൽ അറിവുനേടുകയും ഈമാനികാവസ്ഥയിൽനിന്ന് ഇർഫാനീ അവസ്ഥവരെ എത്തുകയും 'മുശാഹദ'യുടേയും 'റുഅ്യ'ത്തിന്റേയും അവസ്ഥ തന്റെ ഉള്ളിൽ സൃഷ്ടിക്കുകയും ചെയ്യുക എന്നത് മനുഷ്യകഴിവിൽപ്പെട്ടതല്ല.**

**(വിവ:മുഹമ്മദു ഇസ്മായീൽ ആലപ്പുഴ)**

മിയാൻ അബ്ദുൽ ഹക്കീം ഖാൻ ഇതിനെ സംബന്ധിച്ചുള്ള തന്റെ അഭിപ്രായം എന്താണെന്ന് പറയട്ടെ. അല്ലാഹുവിന്റെ ഈ കല്പനയെ അദ്ദേഹം സ്വീകരിക്കുമോ അതോ തന്റേടത്തോടെ ഈ വചനത്തിൽ പറഞ്ഞ ശിക്ഷ സ്വയം ശിരസാ വഹിക്കുമോ?

*"അല്ലാഹു സകല പ്രവാചകന്മാരിൽനിന്നും കരാർ വാങ്ങിയ സന്ദർഭം ഓർക്കുക. ഞാൻ നിങ്ങൾക്ക് ഗ്രന്ഥവും, ജ്ഞാനവും നൽകും. പിന്നീട് അവസാനകാലത്ത് നിങ്ങളുടെയടുക്കൽ എന്റെ റസൂൽ വരും. അദ്ദേഹം നിങ്ങളുടെ ഗ്രന്ഥങ്ങളെ സത്യപ്പെടുത്തും. നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്യണം. അല്ലാഹു ചോദിച്ചു: നിങ്ങൾ സമ്മതിക്കുകയും എന്റെ കരാറിനെ ഏറ്റെടുക്കുകയും ചെയ്തുവോ? അവർ പറഞ്ഞു: 'ഞങ്ങൾ സമ്മതിച്ചു.' അപ്പോൾ അല്ലാഹു പറഞ്ഞു: നിങ്ങൾ നിങ്ങളുടെ സാക്ഷ്യത്തിന് സാക്ഷിയായിരിക്കുക. ഞാനും നിങ്ങളോടൊപ്പം ഇക്കാര്യത്തിന് സാക്ഷിയായിരിക്കും."* (3:82)

നബിമാർ അവരവരുടെ കാലത്ത് വഫാത്തായ സ്ഥിതിക്ക്, ആ റസൂൽ പ്രത്യക്ഷനാകുമ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുക, ഇല്ലെങ്കിൽ ചോദിക്കപ്പെടും എന്ന കല്പന ഓരോ നബിയുടേയും സമുദായത്തിനോടാണെന്ന് വളരെ പ്രകടമാണ്. മുറി മൊല്ല ഈമാന് അപകടം. മിയാൻ അബ്ദുൽ ഹക്കീം ഖാൻ ഇനി പറയട്ടെ. ശുഷ്കിച്ച തൗഹീദു കൊണ്ടുമാത്രം മോക്ഷപ്രാപ്തി സാധ്യമാകുമെങ്കിൽ, നബി(സ) തിരുമേനിയിൽ വിശ്വസിക്കുന്നില്ലെങ്കിൽത്തന്നെയും തൗഹീദ് അംഗീകരിക്കുന്ന അക്കൂട്ടരെ അല്ലാഹു എന്തിനാണ് ചോദ്യം ചെയ്യുന്നത്?

ഇതിനും പുറമെ, തൗറാത്ത് ആവർത്തനപുസ്തകം പതിനെട്ടാം അധ്യായത്തിൽ അവസാനകാലത്ത് വരുന്ന നബിയെ വിശ്വസിക്കാത്തവനോട് ഞാൻ ചോദിക്കുമെന്ന് ഒരു വചനമുണ്ട്. കേവലം തൗഹീദ് മതിയായതാണെങ്കിൽ പിന്നെന്തിനാണ് അല്ലാഹു അവനെ ചോദ്യം ചെയ്യുന്നത്? താൻ പറഞ്ഞകാര്യം അല്ലാഹു മറന്നുപോകുമോ? വിശുദ്ധഖുർആനിലെ ഏതാനും വചനങ്ങളാണ് ഞാനിവിടെ എഴുതിയത്. ഇത്തരം വചനങ്ങളെക്കൊണ്ട് നിർഭരമാണ് വിശുദ്ധഖുർആൻ. അത് ആരംഭിക്കുന്നത് ഈ വചനങ്ങളോടെയാണ്. അത് പറയുന്നു: ഇഹ്ദിനസ്സിറാത്വൽ മുസ്തഖീമ, സ്വിറാത്തല്ലദീന അൻഅംത അലയ്ഹിം 'അല്ലയോ ഞങ്ങളുടെ അല്ലാഹുവേ, ആരിലാണോ നിന്റെ അനുഗ്രഹവും ആദരവുമുണ്ടായിട്ടുള്ളത് ആ റസൂൽമാരുടേയും നബിമാരുടേയും മാർഗത്തിൽ നീ ഞങ്ങളെ നടത്തേണമേ.'

അഞ്ചുനേര നമസ്കാരത്തിൽ ഓതുന്ന ഈ വചനത്തിൽനിന്ന് അല്ലാഹുവിന്റെ ആത്മീയോപഹാരമായ ദൈവജ്ഞാനവും ദൈവസ്നേഹവും മറ്റാരും മുഖേന കിട്ടുകയില്ല, റസൂലും നബിയും മുഖേന മാത്രമേ കിട്ടുകയുള്ളുവെന്നത് ഇപ്പോൾ പ്രകടമാണ്. മിയാൻ അബ്ദുൽ ഹക്കീം ഖാൻ നമസ്കാരം അനുഷ്ഠിക്കുന്നുണ്ടോ ഇല്ലേ എന്ന് നമുക്കറിയില്ല. നമസ്കരിക്കുന്നുണ്ടെങ്കിൽ ഈ ആയത്തുകളുടെ അർഥം അറിയാതിരിക്കാൻ ഒരു നിർവാഹവുമില്ല. എന്നാൽ, അദ്ദേഹത്തിന്റെ പക്കൽ മോക്ഷപ്രാപ്തിക്ക് തൗഹീദ് മാത്രം മതിയായതാകുമ്പോൾ നമസ്കരിക്കേണ്ട ആവശ്യമെന്ത്? റസൂലിന്റെ ഒരു ആരാധനാരീതി എന്ന നിലയിലാണ് നമസ്കാരത്തെ എടുത്തുപറഞ്ഞിട്ടുള്ളത്. റസൂലിനെ പിൻപറ്റാൻ ഉദ്ദേശ്യംതന്നെ ഇല്ലാത്ത ആൾക്ക് നമസ്കാരം എന്തു പ്രയോജനം ചെയ്യാനാണ്? അയാളുടെ പക്കൽ ഏകദൈവവിശ്വാസിയായ ബ്രഹ്മസമാജക്കാരനും മോക്ഷം ലഭിച്ചയാളാണ്. ആ ബ്രഹ്മസമാജി നമസ്കരിക്കുന്നുണ്ടോ? അബ്ദുൽ ഹക്കീം ഖാന്റെ വീക്ഷണത്തിൽ ഇസ്ലാമിൽനിന്ന് മുർത്തദ്ദായിപ്പോകുന്ന ആൾക്കുപോലും തന്റെ ശുഷ്കിച്ച തൗഹീദുകൊണ്ട് മോക്ഷംപ്രാപിക്കാവുന്നതാണ്. യഹൂദികളിലും ക്രിസ്ത്യാനികളിലും ആര്യസമാജത്തിലുമുള്ള ഏകദൈവവിശ്വാസിയ്ക്കും അയാൾ ഇസ്ലാമിന്റെ നിഷേധിയും നബി(സ) തിരുമേനിയുടെ ശത്രുവും ആണെങ്കിൽപ്പോലും മോ ക്ഷംപ്രാപിക്കാൻ സാധിക്കും. അപ്പോൾ ന മസ്കാരം നിഷ്ഫലവും നോമ്പ് നിരർഥവും എന്നുതന്നെയായിരിക്കും അയാളുടെ അഭിപ്രായം. എന്നാൽ, ഒരു സത്യവിശ്വാസിക്ക് ആത്മീയ സമ്പത്തിന്റെ ഉടമസ്ഥർ നബിമാരും റസൂൽമാരുമാണെന്നും അവരെ അനുധാവനം ചെയ്യുന്ന ഓരോരുത്തർക്കും ഫലം ലഭിക്കുമെന്നും മനസ്സിലാക്കിത്തരാൻ ഈ ഒരൊറ്റ ആയത്ത് മതിയായതാണ്.

പിന്നെ, സുറ: ബഖറയുടെ ആരംഭത്തിൽ ഈ വചനങ്ങളാണുള്ളത്. *"ദാലിക്കൽ കിതാബു ലാറയ്ബഫീഹി ഹുദൻല്ലിൽ മുത്തഖീൻ. അല്ലദീന യുഅ്മിനുന ബിൽഗയ്ബി വയുഖീമുനസ്സ്വലാത്ത വ മിമ്മറസ്ഖ്നാഹും യുൻഫിഖുൻ....."*

'സന്ദേഹങ്ങളിൽനിന്നും സംശയങ്ങളിൽനിന്നും പരിശുദ്ധമാണ് ഈ ഗ്രന്ഥം. ഇത് മുത്തഖികൾക്ക് അഥവാ സൂക്ഷ്മതപാലിക്കുന്നവർക്ക് സന്മാർഗപാത്രമാകുന്നു. അല്ലാഹുവിൽ (അവന്റെ അസ്തിത്വം മറഞ്ഞതിൽ മറഞ്ഞതാണ്) വിശ്വസിക്കുകയും നമസ്കാരം നിലനിറുത്തുകയും തങ്ങളുടെ സമ്പത്തിൽനിന്ന് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവു ചെയ്യുകയും നിനക്ക് ഇറക്കപ്പെട്ട ഗ്രന്ഥത്തിലും നിനക്ക് മുമ്പേ ഇറക്കപ്പെട്ട ഗ്രന്ഥങ്ങളിലും വിശ്വസിക്കുകയും ചെയ്യുന്നവരാണ് മുത്തഖികൾ. അവർ തങ്ങളുടെ നാഥനിൽനിന്നുള്ള സന്മാർഗത്തിലാകുന്നു. അവർ തന്നെയാണ് മോക്ഷം പ്രാപിക്കുന്നവരും.'

അല്ലയോ, അബ്ദുൽ ഹക്കീം ഖാൻ മുർത്തദ്ദ്! ഉണരൂ, കണ്ണുതുറന്നു നോക്കൂ. ഈ വചനങ്ങളിലൂടെ അല്ലാഹു വിധി പറഞ്ഞിരിക്കുകയാണ്. അല്ലാഹുവിന്റെ ഗ്രന്ഥങ്ങളിൽ വിശ്വസിക്കുകയും അവനെ ആരാധിക്കുകയും ചെയ്യുന്നതുമായിട്ട് അല്ലാഹു മോക്ഷപ്രാപ്തിയെ ബന്ധിച്ചിരിക്കുന്നു! അവന്റെ ഗ്രന്ഥത്തിൽ പരസ്പര വിരുദ്ധമോ ഭിന്നതയോ ഉണ്ടാകാവതല്ല. പ്രതാപവാനായ അല്ലാഹു നബി(സ)തിരുമേനിയെ പിൻപറ്റുന്നതുമായി മോക്ഷത്തെ ബന്ധിപ്പിച്ചിരിക്കുന്ന സ്ഥിതിക്ക് ഈ ഖണ്ഡിതവചനങ്ങളിൽനിന്ന് പിന്തിരിഞ്ഞ് സദൃശവചനങ്ങളുടെ പിന്നാലെ ഓടുന്നത് വിശ്വാസവഞ്ചനയാണ്. ഹൃദയത്തിന് കപടത എന്ന രോഗം പിടിപ്പെട്ട ആളുകളാണ് സദൃശവചനങ്ങളുടെ പിന്നാലെ പായുന്നത്.

ഉപര്യുക്ത വചനങ്ങളിലടങ്ങിയിരിക്കുന്ന ദൈവജ്ഞാനത്തിന്റെ യഥാർത്ഥ വസ്തുത ഇതാണ്. അല്ലാഹു പറഞ്ഞു: *"ദാലിക്കൽ കിതാബു ലാറയ്ബഫീഹി......"* അല്ലാഹുവിന്റെ അറിവിൽനിന്ന് വെളിച്ചം കണ്ട ഗ്രന്ഥമാണിത്. അജ്ഞതയിൽനിന്നും ഓർമക്കേടിൽനിന്നും സംശുദ്ധമാണ് അതിലെ ജ്ഞാനം. എല്ലാ സംശയങ്ങളിൽനിന്നും സന്ദേഹങ്ങളിൽനിന്നും ഒഴിഞ്ഞതാണ് ഈ ഗ്രന്ഥം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിന്റെ അസാമാന്യ അറിവ് മനുഷ്യരുടെ പരിപൂർണതയ്ക്കായി പരിപൂർണശക്തി ഉൾക്കൊള്ളുന്നതാണ്. അതുകൊണ്ട് ഈ ഗ്രന്ഥം മുത്തഖികൾക്ക് പരിപൂർണ മാർഗദർശകമാകുന്നു. മനുഷ്യപ്രകൃതിക്ക് പ്രാപിക്കാവുന്നതിന്റെ അവസാനസ്ഥാനം വരെ അത് അവരെ എത്തിക്കുന്നു. അല്ലാഹു ഈ വചനങ്ങളിൽ പറയുന്നു: അദൃശ്യനായ അല്ലാഹുവിൽ വിശ്വസിക്കുന്നവരും നമസ്കാരം നിലനിറുത്തുന്നവരും തന്റെ സമ്പത്തിൽനിന്ന് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നവരും വിശുദ്ധഖുർആനിലും, മുമ്പേ അല്ലാഹു ഇറക്കിയിട്ടുള്ള ഗ്രന്ഥങ്ങളിലും വിശ്വസിക്കുന്നവരുമാണ് മുത്തഖികൾ. സന്മാർഗത്തിന്റെ തലപ്പത്തിരിക്കുന്നവരും മോക്ഷം പ്രാപിക്കുന്നവരും അവർ തന്നെയാണ്.

നബികരീമിനെ(സ) വിശ്വസിക്കാതെ, അദ്ദേഹത്തിന്റെ മാർഗദർശനമനുസരിച്ച് നമസ്കാരം തുടങ്ങിയവ അനുഷ്ഠിക്കാതെ മോക്ഷം ലഭിക്കുകയില്ലെന്ന് ഈ വചനങ്ങളിൽനിന്ന് മനസ്സിലാകുന്നു. നബികരീമിന്റെ കോന്തല വിട്ടുകൊണ്ട് കേവലം ശുഷ്കിച്ച തൗഹീദിൽ അഥവാ ഏകദൈവവിശ്വാസത്തിൽ മോക്ഷം തേടുന്നവർ അസത്യത്തിലാണുള്ളത്.

എന്നാൽ, ഈ വിശ്വാസം പരിഹർത്തവ്യമാണ്. അതായത് അദൃശ്യനായ അല്ലാഹുവിനെ വിശ്വസിക്കുന്നവരും നമസ്കാരം നിലനിറുത്തുന്നവരും നോമ്പ് പിടിക്കുന്നവരും തങ്ങളുടെ സമ്പത്തിൽനിന്ന് ദൈവമാർഗത്തിൽ ചെലവഴിക്കുന്നവരും വിശുദ്ധഖുർആനിലും മുമ്പേ ഇറങ്ങിയിട്ടുള്ള ഗ്രന്ഥങ്ങളിലും വിശ്വസിക്കുന്നവരുമായ സന്മാർഗികൾക്ക് ഹുദൻല്ലിൽമുത്തഖിൻ ഈ ഗ്രന്ഥം "അവർക്ക് മാർഗദർശനം നൽകും" എന്നു പറയുന്നതിന്റെ അർഥമെന്താണ്? അവരാണെങ്കിൽ ഈ എല്ലാ കാര്യങ്ങളും ചെയ്തുകൊണ്ട് മുമ്പേതന്നെ സന്മാർഗം പ്രാപിച്ചവരാണുതാനും. പ്രാപിച്ചവരെ വീണ്ടും പ്രാപിപ്പിക്കുക എന്നത് നിരർഥകമായ കാര്യമാകുന്നു.

ഇതിനുള്ള മറുപടി വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തിട്ടും പരിപൂർണമായ ഇസ്തിഖാമത്തിന്റേയും അഥവാ സമ്പൂർണ സ്ഥിരതയുടേയും പരിപൂർണമായ ഉന്നതിയുടേയും ആശ്രിതരാണ് അവർ എന്നതാകുന്നു. അതിന് മാർഗദർശനം നൽകുന്നത് അല്ലാഹു മാത്രമാണ്. മനുഷ്യന്റെ അ ധ്വാനത്തിന് അതിൽ ഒരു പങ്കുമില്ല. ഇസ്തിഖാമത്ത് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം കൊടുമയേറിയ പരീക്ഷണസമയത്ത് കാലിടറിപ്പോകാത്തവിധമുള്ള സ ത്യവിശ്വസം ഹൃദയത്തിൽ രൂഢമൂലമാവുക എന്നതാണ്. സന്തോഷം പ്രദാനം ചെയ്യുന്നതും വിഷമവും കയ്പും തോന്നാത്തതും അതില്ലാതെ ജീവിക്കാൻ പറ്റാത്തതുമായ രീതിയിലും നിലയിലുമുള്ള സൽകർമങ്ങൾ ഉണ്ടാകുക. ആ കർമങ്ങൾ ആത്മാവിന് പോഷകവും ഭക്ഷണവും മധുരമുള്ള പാനീയവും ആയിത്തീരുകയും അതുകൂടാതെ ജീവിക്കാൻ സാധിക്കാത്ത അവസ്ഥ സംജാതമാവുകയും വേണം. ചുരുക്കത്തിൽ ഇസ്തിഖാമത്തിന്റെ നില മനുഷ്യന് സ്വന്തം പരിശ്രമം കൊണ്ടുമാത്രം ഉണ്ടാക്കിയെടുക്കാൻ സാധ്യമല്ല. മറിച്ച് ആത്മാവിന് അല്ലാഹുവിൽനിന്ന് സമൃദ്ധി ഉണ്ടാകുന്നതുപോലെ അഭൗമികമായ ആ ഇസ്തിഖാമത്തും അല്ലാഹുവിൽനിന്നുതന്നെ

**(ശേഷം പേജ് 8ൽ)**

# ഖുത്ബ ജുമുഅ

**ബദ്റിലെ സ്വഹാബ ഹദ്റത്ത് ആമിർബിൻ റബീഅ, ഹദ്റത്ത് ഹർറാം ബിൻ മിൽഹാൻ, ന ഹദ്റത്ത് സഅ്ദ് ബിൻ ഖൗല, ഹദ്റത്ത് അബുൽ ഹയ്ഥം (റ)തുടങ്ങിയവരെ കുറിച്ചുള്ള സ്മരണ.**

**ഇന്നും ശത്രുക്കളുടെ കൈകൾ തടയുന്നതിന് അല്ലാഹുവിനോടു ദുആ ചെയ്യേണ്ട ആവശ്യമുണ്ട്.ഈ ആളുകളെ പിടിച്ചൊതുക്കാനുള്ള സാഹചര്യം അല്ലാഹുതന്നെ ഒരുക്കുകയും നമുക്ക് എളുപ്പമുണ്ടാക്കി തരുകയും ചെയ്യുമാറാകട്ടെ.**

**ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബിന്റെ മകൻ സാഹിബ്സാദ മിർസാ മജീദ് അഹ്മദ് സാഹിബിന്റേയും ശേയ്ഖാപൂരാ ജില്ലയിലെ(പാക്കിസ്താൻ)ആമ്പാനൂരിയ വാസി മുഹമ്മദു യൂസുഫ് സാഹിബിന്റെ ഭാര്യ സയ്യിദ നസീം അഖ്തർ സാഹിബയുടേയും ദേഹവിയോഗവും അവരെ കുറിച്ചുള്ള സ്മരണയും ജനാസ ഗാഇബും**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2018 ആഗസ്റ്റ് 17/1397 ളുഹൂർ 17**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ -

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഇന്നും ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത ചില സ്വഹബാക്കളെക്കുറിച്ചാണ് പറയുന്നത്. അവരിൽ ആദ്യത്തേത് ഹദ്റത്ത് ആമിർ ബിൻ റബീഅ(റ)ആണ്. അദ്ദേഹത്തിന്റെ കുടുംബം ഹദ്റത്ത് ഉമർ(റ)ന്റെ പിതാവ് ഖത്വാബിന്റെ സഖ്യകക്ഷിയായിരുന്നു. അദ്ദേഹം ഹദ്റത്ത് ആമിറിനെ ദത്തെടുത്തിരുന്നു. ഇക്കാരണത്താലാണ് അദ്ദേഹം ആദ്യം ആമിർ ബിൻ ഖത്വാബ് എന്ന പേരിൽ അറിയപ്പെട്ടത്. പക്ഷേ, വിശുദ്ധ ഖുർആൻ ഓരോരുത്തരും തങ്ങളെ യഥാർഥ പിതാവിന്റെ പേരിനോടു ചേർത്ത് പറയണമെന്ന കല്പന നല്കിയപ്പോൾ, ആമിർ ബിൻ ഖത്വാബിന് പകരം തന്റെ സ്വന്തം പിതാവായ റബീആയുടെ പേരുമായി ചേർത്ത് ആമിർ ബിൻ റബീഅ എന്നു വിളിക്കാൻ തുടങ്ങി.

ഇവിടെ ദത്തെടുക്കുന്ന മാതാപിതാക്കൾക്ക് ഒരു കാര്യം വ്യക്തമായിരിക്കുന്നു. അവർ വലുതാകുന്നതുവരെ തങ്ങളുടെ യഥാർഥ പിതാവാരാണെന്ന് അവർക്കറിയാൻ കഴിയുന്നില്ല. തിരിച്ചറിയൽ കാർഡ്, സർക്കാർ പേപ്പറുകൾ തുടങ്ങിയവയിൽ യഥാർഥ പിതാവിന്റെ പേരിനു പകരം ദത്തെടുക്കുന്നവരുടെ പേരാണ് ചേർക്കുന്നത്. ഇക്കാരണത്താൽ പിന്നീട് പല പ്രശ്നങ്ങളുമുണ്ടാകുന്നു. 'പിന്നീട് ആളുകൾ ഇങ്ങനെ ചെയ്യുക അങ്ങനെ ചെയ്യുക' എന്ന് പറഞ്ഞ് കത്തുകൾ എഴുതുന്നു. അതുകൊണ്ട് എപ്പോഴും വിശുദ്ധഖുർആനിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. സ്ഥാപനങ്ങളിൽനിന്ന് ദത്ത് കിട്ടുകയോ എടുക്കുകയോ ചെയ്യുന്ന കുട്ടികളൊഴികെ, അവരുടെ മാതാപിതാക്കളെ കുറിച്ച് പറയപ്പെടാറില്ല. എന്തായാലും ഈ വിശദീകരണത്തിനുശേഷം അദ്ദേഹത്തെക്കുറിച്ചു പറയുകയാണ്.

ഹദ്റത്ത് ആമിറിന്റെ കുടുംബം ഹദ്റത്ത് ഉമർ(റ)ന്റെ പിതാവ് ഖത്താബിന്റെ സഖ്യകക്ഷിയായിരുന്നുവെന്ന് പറഞ്ഞുവല്ലോ. ആ സഖ്യകക്ഷിബന്ധം നിമിത്തം ഹദ്റത്ത് ഉമറും ഹദ്റത്ത് ആമിറും തമ്മിൽ അവസാനകാലം വരെ സൗഹൃദബന്ധത്തിൽ നിലനിന്നു. ഇദ്ദേഹം തികച്ചും ആരംഭകാലത്താണ് വിശ്വസിച്ചത്. ഇദ്ദേഹം വിശ്വസിച്ച സന്ദർഭത്തിൽ നബി(സ)തിരുമേനി ദാറുഅർഖമിൽ അഭയം തേടിയിരുന്നില്ല. ഹദ്റത്ത് ആമിർ തന്റെ ഭാര്യ ലയ്ലാ ബിൻത് ഹഥമയോടൊപ്പം ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്തിരുന്നു. അതു കഴിഞ്ഞ് മക്കയിൽ തിരിച്ചുവന്നു. അവിടെനിന്ന് തന്റെ ഭാര്യയോടൊപ്പം മദീനയിലേക്ക് ഹിജ്റ ചെയ്തു. ഹദ്റത്ത് ആമിർ ബിൻ റബീആയുടെ ഭാര്യയ്ക്ക് ഏറ്റവുമാദ്യം മദീനയിലേക്ക് ഹിജ്റത്ത് ചെയ്ത സ്ത്രീ എന്ന ബഹുമതി കരസ്ഥമായിട്ടുണ്ട്. അദ്ദേഹം ബദ്റിലും മറ്റു എല്ലാ യുദ്ധങ്ങളിലും നബി(സ) തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. അവിടന്ന് ഹിജ്റ 32–ലാണ് വഫാത്തായത്. അനസ് ഗോത്രത്തിൽപെട്ടയാളായിരുന്നു. ഹദ്റത്ത് ആമിർ പറയുന്നു: അദ്ദേഹത്തോടു നബി(സ) തിരുമേനി പറഞ്ഞു, 'നിങ്ങളിലാരെങ്കിലും ജനാസ കാണുകയും അതിനോടൊപ്പം പോകാൻ ആഗ്രഹിക്കാതിരിക്കുകയും ചെയ്താൽ ജനാസ കടന്നുപോകുന്നതുവരെ എഴുന്നേറ്റുനില്ക്കേണ്ടതാണ്.'

അബ്ദുല്ലാഹ് ബിൻ ആമിർ തന്റെ പിതാവ് ഹദ്റത്ത് ആമിറിൽനിന്ന് രിവായത്ത് ചെയ്യുന്നു. അദ്ദേഹം ഒരു രാത്രി നമസ്കരിക്കുന്നതിനുവേണ്ടി എഴുന്നേറ്റുനിന്നു. ഹദ്റത്ത് ഉഥ്മാനെതിരിൽ ആളുകൾ അഭിപ്രായഭിന്നത പ്രകടിപ്പിച്ചിരുന്ന കാലമായിരുന്നു അത്. ആ കാലത്ത് ഭിന്നിപ്പിന് തുടക്കം കുറിച്ചിരുന്നു. അദ്ദേഹത്തെ അധിക്ഷേപിച്ചിരുന്നു. അദ്ദേഹം പറയുന്നു: നമസ്കാരത്തിനുശേഷം ഉറങ്ങിപ്പോയി. അപ്പോൾ സ്വപ്നത്തിൽ അദ്ദേഹം കണ്ടു: തന്റെ സാത്വികരായ ആളുകളെ രക്ഷിച്ചതുപോലെ നിന്നെ ഈ ഫിത്നയിൽനിന്ന് രക്ഷിക്കാൻ എഴുന്നേറ്റു ദുആ ചെയ്യുക എന്ന് അദ്ദേഹത്തിനോടു പറയപ്പെട്ടു! അങ്ങനെ ഹദ്റത്ത് ആമിർ ബിൻ റബീഅ ഉണർന്നു. അദ്ദേഹം നമസ്കരിക്കുകയും അതിനുശേഷം അതു സംബന്ധിച്ച് ദുആ ഇരക്കുകയും ചെയ്തു. അതിനുശേഷം അദ്ദേഹം രോഗബാധിതനായി. പിന്നീട് അദ്ദേഹം വീട്ടിൽനിന്ന് സ്വയം പുറത്തിറങ്ങിയിട്ടില്ല; അദ്ദേഹത്തിന്റെ ജനാസയാണ് പുറത്തുകൊണ്ടുവന്നത്.(അസദുൽഗാബ, വാല്യം 3, പേജ് 118–119, ആമിർ ബിൻ റബീഅ, പ്രസാധകർ ദാറുൽകുതുബുൽ ഇ ൽമിയ്യ, ബേറൂത്ത്) അദ്ദേഹത്തെ കലഹങ്ങളിൽനിന്ന് രക്ഷിക്കാൻ അല്ലാഹു ഈ രീതിയാണ് സ്വീകരിച്ചത്.

ഹദ്റത്ത് ആമിർ ബിൻ അംറ് വിവരിക്കുന്നു. ത്വവാഫ് ചെയ്യുന്നതിന്നിടയിൽ ഞാൻ നബി(സ) തിരുമേനിയോടൊപ്പമുണ്ടായിരുന്നു. നബി(സ) തിരുമേനിയുടെ ചെരുപ്പിന്റെ വള്ളിപൊട്ടിപോയി. ശരിയാക്കിത്തരാമെന്ന് നബി(സ) തിരുമേനിയോടു ഞാൻ പറഞ്ഞു. നബി(സ) തിരുമേനി പറഞ്ഞു: 'മറ്റാർക്കെങ്കിലും മുൻഗണന നല്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല.'(ശർഹ് സർഖാനീ, വാല്യം 6, പേജ് 49, അൽഫള്ലുഥ്ഥാനീ,പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത് 1996) അതായത് നബി(സ) തിരുമേനി തന്റെ കാര്യം സ്വയം ചെയ്യാനാണ് ഇഷ്ടപ്പെട്ടിരുന്നത്.

ഒരാൾ ഹദ്റത്ത് ആമിർ ബിൻ റബീആയുടെ അതിഥിയായി വന്നു. അദ്ദേഹം അയാളെ നല്ല വണ്ണം സ്വീകരിക്കുകയും ബഹുമാനിക്കുകയും ചെയ്തു. അദ്ദേഹത്തെക്കുറിച്ച് നബി(സ) തിരുമേനിയോടു ശിപാർശ ചെയ്തു. ആ ആൾ നബി(സ) തിരുമേനിയുടെ അടുത്തുനിന്ന് ഹദ്റത്ത് ആമിറിന്റെയടുക്കൽ വന്നു പറഞ്ഞു: 'അറേബ്യയിലെങ്ങും ഇത്രമാത്രം നല്ലതായിട്ടില്ലാത്ത ഒരു ഭൂസ്വത്താണ് ഞാൻ നബി(സ) തിരുമേനിയോടു ചോദിച്ചത്. നബി(സ) തിരുമേനി എനിക്കതു നല്കി. ഞാൻ ആഗ്രഹിക്കുന്നത് അതിലൊരു ഭാഗം അങ്ങേയ്ക്ക് തരണമെന്നാണ്. താങ്കളുടേയും താങ്കളുടെ കാലശേഷം താങ്കളുടെ മക്കളുടേയും ആയിരിക്കുന്നതിന്!' ഹദ്റത്ത് ആമിർ പറഞ്ഞു: 'എനിക്ക് താങ്കളുടെ ഈ സ്വത്തിന് ഒരു ആവശ്യവുമില്ല. കാരണം ഇന്ന് ഒരു ആയത്ത് നബി(സ)യ്ക്ക് ഇറങ്ങിയിരിക്കുന്നു. അത് ഞങ്ങളെ ദുൻയാവ് തന്നെ മറപ്പിച്ചുകളഞ്ഞിരിക്കുകയാണ്. *ഇഖ്തറബലിന്നാസി ഹിസാബുഹും വഹും ഫീ ഗഫ്ലത്തിൻ മ്മുഅ്രിളൂൻ.*(ഹയാത്തുസ്സ്വഹാബ, മുഹമ്മദ് യൂസുഫ് അൽക്കാന്ദഹ്ലവി, വാല്യം 2, പേജ് 523, പ്രസാധകർ മൗസസത്തുർരിസാല നാശ്റേറാൺ 1996) മനുഷ്യർക്ക് അവരുടെ കണക്കെടുപ്പ് ആസന്നമായിരിക്കുന്നു. എന്നാൽ, അവർ അശ്രദ്ധയിൽപ്പെട്ട് പിന്തിരിഞ്ഞു പൊയ്ക്കൊണ്ടിരിക്കുകയാണ്.(21:2)

ആ തിളക്കമാർന്ന നക്ഷത്രങ്ങളുടെ അല്ലാഹുവിനോടുള്ള ഭയത്തിന്റേയും പേടിയുടേയും അവസ്ഥ എന്തായിരുന്നുവെന്നാൽ, അവർ യഥാർഥമായ നിലയിൽ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നവരായിരുന്നു.

ഹദ്റത്ത് ആമിർബിൻ റബീഅ രിവായത്തു ചെയ്യുന്നു: സയ്ദ് ബിൻ അംറ് പറഞ്ഞു, 'ഞാൻ എന്റെ ജനതയെ എതിർത്തു. ഇബ്റാഹീമിന്റെ മതത്തെ പിൻപറ്റി. ഹദ്റത്ത് ഇസ്മാഈലിന്റെ സന്താനങ്ങളിൽനിന്ന് ഒരു നബി വെളിപ്പെടുമെന്ന പ്രതീക്ഷയിലായിരുന്നു ഞാൻ. അദ്ദേഹത്തിന്റെ ആദരണീയമായ പേര് അഹ്മദ് എന്നായിരിക്കും. പക്ഷേ, എനിക്ക് അദ്ദേഹത്തെ കാണാൻ കഴിയുകയില്ലെന്ന് തോന്നു

ന്നു. ഞാൻ അദ്ദേഹത്തിൽ വിശ്വസിക്കുന്നു. അദ്ദേഹത്തെ സാക്ഷ്യപ്പെടുത്തുന്നു. അദ്ദേഹം നബിയാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നിങ്ങൾക്ക് അദ്ദേഹത്തിന്റെ കാലം പ്രാപിക്കാൻ കഴിഞ്ഞാൽ എന്റെ സലാം അദ്ദേഹത്തിന് പറയണം. നിങ്ങൾക്ക് അദ്ദേഹത്തിന്റെ ചില ലക്ഷണങ്ങൾ പറഞ്ഞു തരികയാണ്; അത് നിങ്ങൾക്ക് മറഞ്ഞിരിക്കുകയില്ല. അ ദ്ദേഹം അധികം പൊക്കമുള്ളയാളോ പൊക്കം കു റ ഞ്ഞയാളോ ആയിരിക്കുകയില്ല. അദ്ദേഹത്തിന്റെ മുടി അധികമോ കുറഞ്ഞതോ ആയിരിക്കുകയില്ല. അദ്ദേഹത്തിന്റെ കണ്ണുകളിൽ ചെമപ്പ് നിറം എപ്പോഴുമുണ്ടാകും. അദ്ദേഹത്തിന്റെ രണ്ടു തോളുകൾക്കുമിടയിൽ നുബുവ്വത്തിന്റെ മുദ്ര യുണ്ടാകും. അദ്ദേഹത്തിന്റെ പേര് അഹ്മദ് എന്നായിരിക്കും. മക്കാപട്ടണം അദ്ദേഹത്തിന്റെ ജന്മസ്ഥലമായിരിക്കും; ബയ്അത്ത് വാങ്ങുന്ന സ്ഥലവും. പിന്നീട് അദ്ദേഹത്തിന്റെ ജനത അദ്ദേഹത്തെ ഇവിടെനിന്ന് പുറത്താക്കും. അദ്ദേഹത്തിന്റെ സന്ദേശം അവർ ഇഷ്ടപ്പെടുകയില്ല. പിന്നീട് അദ്ദേഹം യഥ്‌രിബിലേക്ക് ഹിജ്റത്ത് ചെയ്യും. അതുകഴിഞ്ഞ് ഇക്കാര്യങ്ങൾ അതിജയിക്കും. അദ്ദേഹം കാരണത്താൽ വഞ്ചനയിൽ അകപ്പെടരുത്. ഞാൻ ഇബ്റാഹീമിന്റെ മതത്തെ നഗരം മുഴുവനും അന്വേഷിച്ചു. ഞാൻ യഹൂദികളോടും ക്രിസ്ത്യാനികളോടും അഗ്നി ആരാധകരോടുമെല്ലാം ചോദിച്ചു. ഈ മതം നിങ്ങളുടെ പിന്നാലെ വരുമെന്നാണ് അവർ പറഞ്ഞത്. ഞാൻ നിങ്ങളോടു പറഞ്ഞ ലക്ഷണങ്ങളെല്ലാമാണ് അവർ എന്നോടു പറഞ്ഞത്. അദ്ദേഹത്തിനുശേഷം ഒരു നബിയും വരികയില്ല.'

ഹദ്റത്ത് ആമിർ പറഞ്ഞു: 'നബി(സ) തിരുമേനി നിയോഗിതനായപ്പോൾ ഞാൻ സയ്ദിനെ കുറിച്ച് പറഞ്ഞു. അവിടന്ന് പറഞ്ഞു, 'ഞാൻ അദ്ദേഹത്തെ സ്വർഗത്തിൽ കണ്ടു. അദ്ദേഹം തന്റെ വസ്ത്രത്തിന്റെ അറ്റം താഴെ വലിച്ചുനടക്കുന്നതായി കണ്ടു.'(സുബുലുൽഹുദാ വർറശാദ്, വാല്യം 1, പേജ് 116, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1993)

ഇതിന്റെ അർഥം നബി(സ) തിരുമേനി ഉമ്മത്തീ നബി വരുമെന്ന് പ്രവചിച്ചത് തെറ്റാണെന്നല്ല. അതിന്റെ ഉദ്ദേശ്യം ഒരു പുതിയ ശരീഅത്തും വരികയില്ലെന്നാണ്. അവിടന്ന് തന്നെയായിരിക്കും ന്യായപ്രമാണവാഹിയായ അവസാനത്തെ നബി. വരുന്നയാൾ നബി(സ) തിരുമേനിയുടെ ദാസത്വത്തിലായിരിക്കും വരിക. ഇതാണ് നമുക്ക് ഖുർആനിൽനിന്നും ഹദീഥുകളിൽനിന്നും മനസ്സിലാകുന്നത്.

നബി(സ) തിരുമേനി ഹദ്റത്ത് ആമിറിനേയും ഹദ്റത്ത് യസീദ് ബിൻ മുൻദിറിനേയും സഹോദരന്മാരാക്കി. (അത്ത്വബ്ഖാത്തുൽ കുബ്റാ, വാല്യം 3, പേജ് 296, വമിൻ ഖുലഫാഇ ബനീ അദിയ്യ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990) ഹദ്റത്ത് ആമിർ ബിൻ റബീഅ ഹദ്റത്ത് ഉഥ്മാന്റെ ശഹാദത്തിന് കുറച്ചു ദിവസം കഴിഞ്ഞ് വഫാത്തായി. (അസദുൽഗാബ, വാല്യം 3, പേജ് 119, ആമിർ ബിൻ റബീഅ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്)

രണ്ടാമത്തെ സ്വഹാബിയാണ് ഹദ്റത്ത് ഹർറാം ബിൻ മിൽഹാൻ(റ). ഇദ്ദേഹത്തിന്റെ ബന്ധം അൻസ്വാറിലെ ഗോത്രമായ ബനൂഅദിയ്യ് ബിൻ നജ്ജാറുമായിട്ടായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് മിൽഹാന്റെ പേര് മാലിക് ബിൻ ഖാലിദ് എന്നായിരുന്നു. ഹദ്റത്ത് ഹർറാം ബിൻ മിൽഹാന്റെ മാതാവിന്റെ പേര് മലീക്ക ബിൻത് മാലിക് എന്നായിരുന്നു. അദ്ദേഹത്തിന്റെ ഒരു സഹോദരിയായിരുന്നു ഉമ്മുസുലൈം. അവർ ഹദ്റത്ത് അബൂത്വൽഹ അൻസ്വാരിയുടെ ഭാര്യയും ഹദ്റത്ത് അനസ് ബിൻ മാലിക്കിന്റെ മാതാവുമായിരുന്നു. അദ്ദേഹത്തിന്റെ രണ്ടാമത്തെ സഹോദരി ഹദ്റത്ത് ഉമ്മുഹറാം, ഹദ്റത്ത് ഉബാദത്തുബ്നു സ്വാമിത്തിന്റെ ഭാര്യയായിരുന്നു. ഹദ്റത്ത് ഹർറാംബിൻ മിൽഹാൻ ഹദ്റത്ത് അനസിന്റെ മാതുലനായിരുന്നു. ബദ്ർ യുദ്ധത്തിലും ഉഹുദ് യുദ്ധത്തിലും പങ്കെടുത്തിരുന്നു. ബിഅ്ർ മഊന ദിവസം ശഹീദായി. ഹദ്റത്ത് അനസ് ബിൻ മാലിക് രിവായത്ത് ചെയ്യുന്നു. കുറച്ചാളുകൾ നബി(സ) തിരുമേനിയുടെയടുത്തു വന്നു. തങ്ങൾക്ക് ഖുർആനും സുന്നത്തും പഠിപ്പിച്ചുതരാൻ പറ്റിയ കുറച്ചാളുകളെ തങ്ങളോടൊപ്പം അയച്ചുതരാൻ ആവശ്യപ്പെട്ടു. നബി(സ) തിരുമേനി അൻസ്വാരീംകളായ 70 സ്വഹാബാക്കളെ അവരോടൊപ്പം അയച്ചു. അവർ ഖാരികളായിരുന്നു. അദ്ദേഹം പറയുന്നു: അവരിൽ എന്റെ മാതുലൻ ഹർറാമും ഉണ്ടായിരുന്നു. ഇവർ വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നവരായിരുന്നു. രാത്രിയിൽ പരസ്പരം ദർസ് കൊടുക്കുമായിരുന്നു; വിദ്യ അഭ്യസിക്കുമായിരുന്നു. പകൽ വെള്ളം കൊണ്ടുവന്ന് മസ്ജിദിൽ വെക്കുമായിരുന്നു. കാട്ടിൽനിന്ന് വിറക് ശേഖരിച്ച് വില്ക്കുകയും മദീന മസ്ജിദിന്റെ തിണ്ണയിൽ കഴിഞ്ഞിരുന്ന പാവപ്പെട്ടവർക്കുവേണ്ടി ധാന്യം വാങ്ങുകയും ചെയ്യുമായിരുന്നു. ഹദ്റത്ത് ഹർറാം ബിൻ മിൽഹാന്റെ ബിഅ്ർ മഊന സംഭവത്തെക്കുറിച്ച് കുറച്ചു മാസങ്ങൾക്കു മുമ്പേ ഖുത്ബയിൽ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. മറ്റ് ഒന്നുരണ്ട് സ്ഥലങ്ങളിലും വിവരിച്ചിട്ടുണ്ട്. ഇതു സംബന്ധമായി ബുഖാരിയിലെ ചില രിവായത്തുകളുണ്ട്, അത് മുമ്പേ വിവരിക്കാത്തതാണ്.

ഹദ്റത്ത് അനസ് ബിൻ മാലിക് നിവേദനം: ഹദ്റത്ത് ഹർറാം ബിൻ മിൽഹാന് ബിഅ്ർ മഊന ദിവസം കുന്തംകൊണ്ട് കുത്തേറ്റപ്പോൾ അദ്ദേഹം തന്റെ രക്തം കൈക്കുമ്പിളിലെടുത്ത് തന്റെ മുഖത്തും തന്റെ തലയിലും തളിച്ചു. അതിനുശേഷം പറഞ്ഞു. ഫുസ്തു ബിറബ്ബിൽ കഅ്ബ. കഅ്ബയുടെ രക്ഷിതാവാണ! ഞാനെന്റെ ലക്ഷ്യം പ്രാപിച്ചു. ഹദ്റത്ത് അനസ്(റ) നിവേദനം. നബി(സ) തിരുമേനിയുടെ അടുത്ത് റിഅൽ, സക്‌വാൻ, ഉസ്വയ്യാ, ബനുലഹ്‌യാൻ എന്നീ ഗോത്രങ്ങളിലെ കുറച്ചാളുകൾ വന്നു. തങ്ങൾ മുസ്‌ലിമായിരിക്കുന്നുവെന്നും തങ്ങളുടെ ജനതയെ നേരിടാൻ സഹായിക്കണമെന്നും അവർ പറഞ്ഞു. നബി(സ)തിരുമേനി അവരെ 70 അൻസ്വാർ സ്വഹാബിമാരെക്കൊണ്ടു സഹായിച്ചു. ഹദ്റത്ത് അനസ്(റ)പറയുന്നു: ഞങ്ങൾ അവരെ ഖാരി(വിശുദ്ധ ഖുർആൻ നിയമങ്ങളനുസരിച്ച് പാരായണം ചെയ്യുന്നവർ) എന്നാണ് വിളിച്ചിരുന്നത്. അവർ പകൽ വിറകു വെട്ടിക്കൊണ്ടുവരുകയും രാത്രിയിൽ നമസ്കരിക്കുകയും ചെയ്യുമായിരുന്നു. ആ ആളുകൾ അവരെ കൊണ്ടുപോയി. ബിഅ്റു മഊന എന്ന സ്ഥലത്തെത്തിയപ്പോൾ അവർ അവരോടു വഞ്ചന കാണിച്ചു. അവരെ കൊന്നിട്ടു. നബി(സ) തിരുമേനി ഒരു മാസംവരെ, ചില രിവായത്തുകളനുസരിച്ച് 40 ദിവസം വരെ നമസ്കാരത്തിൽ എഴുന്നേറ്റുനിന്ന് റിഅ്‌ലിനും സക്‌വാനും ബനൂലഹ്‌യാനുമെതിരെ ശാപപ്രാർഥന ചെയ്തു.(സ്വഹീഹ് ബുഖാരി, കിതാബുൽ ജിഹാദ് ഹദീഥ് 3064)

ഹദ്റത്ത് അനസ്(റ) രിവായത്ത് ചെയ്യുന്നു. ഖാരിമാർ ശഹീദാക്കപ്പെട്ടപ്പോൾ നബി(സ) തിരുമേനി മാസം മുഴുവൻ നിന്നുകൊണ്ട് വിനയത്തോടെ ദുആ ചെയ്തു. ബുഖാരിയുടെ മറ്റൊരു രിവായത്തുണ്ട്. അദ്ദേഹം പറയുന്നു: ഇതിനെക്കാൾ കൂടുതൽ നബി (സ) തിരുമേനി ദുഃഖിക്കുന്നത് ഞാനൊരിക്കലും കണ്ടിട്ടില്ല. (സ്വഹീഹ് ബുഖാരി, കിതാബുൽ ജനാ ഇസ്, ഹദീഥ് 1300)

ഹദ്റത്ത് അനസ്(റ) രിവായത്ത് ചെയ്യുന്നു. നബി(സ) തിരുമേനി റുക്കൂഇനുശേഷം എഴുന്നേറ്റുനിന്ന് ഒരു മാസംവരെ ബനു സുലയ്മിലെ കുറച്ചു ഗോത്രങ്ങൾക്കെതിരെ ശാപപ്രാർഥന ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം പറഞ്ഞു: അവിടന്ന് ഖാരിമാരിൽ നാല്പതോ, എഴുപതോ ആളുകളെ ചില മുശ്‌രിക്കീംങ്ങളുടെ അടുക്കൽ അയച്ചു. ഈ ഗോത്രക്കാർ പതുങ്ങിയിരുന്ന് അവരെ കൊലപ്പെടുത്തി. വാസ്തവത്തിൽ അവരും നബി(സ) തിരുമേനിയും തമ്മിൽ ഉടമ്പടി ചെയ്തിരുന്നതാണ്. (പിന്നീട് അതിലും വിവരിക്കുന്നത് മുകളിൽ പറഞ്ഞതാണ്). ഈ ഖാരിമാരെ സംബന്ധിച്ച് നബി(സ) തിരുമേനിയ്ക്കുണ്ടായത്ര ദുഃഖം മറ്റൊരു സംഭവത്തിലും ഉണ്ടായതായി ഞാൻ കണ്ടിട്ടില്ല. (സ്വഹീഹ് ബുഖാരി, കിതാബുൽ ജിസ്‌യ, ഹദീഥ് 3170)

ഇബ്നുഹിശാമിന്റെ ഒരു ഉദ്ധരണിയുണ്ട്. ജബ്ബാർ ബിൻ സൽമ അംറുബ്നു ത്വുഫയ്‌ലിനോടൊപ്പം ആ അവസരത്തിലുണ്ടായിരുന്നു. പിന്നീട് ഇദ്ദേഹം മുസ്‌ലിമായി. ഇദ്ദേഹം പറയുന്നു: 'ഞാൻ ഇസ്‌ലാം സ്വീകരിക്കാനുണ്ടായ കാരണം ഞാൻ ഒരാളുടെ രണ്ടു തോളുകൾക്കിടയിൽ കുന്തംകൊണ്ട് കുത്തുന്നത് കണ്ടു. കുന്തത്തിന്റെ മുന അയാളുടെ നെഞ്ച് തുളച്ചു കടന്നു. പിന്നീട് അയാൾ ഇങ്ങനെ പറയുന്നതു കേട്ടു. ഫുസ്തു ബിറബ്ബിൽ കഅ്ബ അതായത് കഅ്ബയുടെ നാഥനാണ! ഞാനെന്റെ ലക്ഷ്യം പ്രാപിച്ചു. അപ്പോൾ ഞാൻ എന്നോടുതന്നെ പറഞ്ഞു. ഇയാളെങ്ങനെയാണ് വിജയിച്ചത്. ഞാൻ ആ വ്യക്തിയെ കൊന്നതല്ലേ? ജബ്ബാർ പറയുന്നു: ഞാൻ പിന്നീട് അദ്ദേഹം പറഞ്ഞ വാക്യത്തെ സംബന്ധിച്ച് ചോദിച്ചു. അപ്പോൾ ആളുകൾ പറഞ്ഞു. അതിന്റെ ഉദ്ദേശ്യം ശഹാദത്തു വരിക്കുക എന്നതാണ്. ജബ്ബാർ പറയുന്നു: തീർച്ചയായും അദ്ദേഹം ദൈവത്തിന്റെ പക്കൽ വിജയംവരിച്ചു.(അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം, പേജ് 603, ഹദീഥ് ബിഅ്റു മഊന ഫീ സ്വഫ്‌രീ സനത്തി അർബഇൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ലബ്നാൻ 2001)

**"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."**
**(ഖുത്ബ ജുമുഅ, 2017 മെയ് 5)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

**"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

രണ്ടുമൂന്നു സ്വഹാബിമാരെ കുറിച്ച് ഇതേ രീതിയിലുള്ള സംഭവങ്ങൾ ലഭിക്കുന്നുണ്ട്. സാമ്യമുള്ള വാക്കുകൾ കിട്ടുന്നുണ്ട്. അവർ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നത് യഥാർഥ ലക്ഷ്യമായി മനസ്സിലാക്കിയിരുന്നു. അവരുടെ യഥാർഥ ഉദ്ദേശ്യം ഭൗതികമായ വിജയമായിരുന്നില്ല. പിന്നീട് അല്ലാഹുവും അവരുടെ ആ നിയ്യത്തു കാരണത്താൽ, അവരെ തൃപ്തിപ്പെട്ടിരിക്കുന്നുവെന്ന് വിളംബരം ചെയ്തു.

ബിഅ്റു മഊനയുടെ അവസരത്തിൽ ശഹാദത്തി ന്റെ നേരത്ത് സ്വഹാബാക്കൾ അല്ലാഹുവിനോടു ഇ ങ്ങനെ ദുആ ചെയ്തിരുന്നു: *അല്ലാഹുമ്മ ബല്ലിഗ് അന്നാ നബിയ്യനാ അന്നാ ഖദ് ലഖീനാക്ക ഫറളീനാ അൻക വ റളീത്തു അന്നാ* അല്ലാഹുവേ! ഞങ്ങളുടെ അവസ്ഥയെക്കുറിച്ച് നബി(സ) തിരുമേനിയെ അറിയിച്ചാലും; ഞങ്ങൾ നിന്നെ കണ്ടുമുട്ടിയെന്ന്! ഞങ്ങൾ നിന്നെയും നീ ഞങ്ങളേയും തൃപ്തിപ്പെട്ടുവെന്ന്! ഹദ്റത്ത് അനസ്(റ) പറയുന്നു: ഹദ്റത്ത് ജിബ്രീൽ (അ) നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു. നബി(സ)തിരുമേനിയുടെ ആ കൂട്ടുകാർ അല്ലാഹുവിനെ കണ്ടുമുട്ടിയെന്നും അല്ലാഹു അവരെ തൃപ്തിപ്പെട്ടുവെന്നും അറിയിച്ചു.(അത്ത്വബ്ഖാത്തുൽ കുബ്റാ, വാള്യം 3, പേജ് 267, ഹർറാം ബിൻ മിൽഹാൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഈ സംഭവത്തെക്കുറിച്ചും പറയുന്നുണ്ട്. ബിഅ്റുമഊനയിലേയും റജീഇലേയും സംഭവങ്ങളിൽനിന്ന് അറേബ്യൻ ഗോത്രങ്ങൾ ഇസ്ലാമിനും അതിന്റെ അനുയായികൾക്കുമെതിരെ തങ്ങളുടെ മനസ്സുകളിൽ വച്ചുപുലർത്തിയിരുന്ന വെറുപ്പിനേയും ശത്രുതയേയും കുറിച്ച് അറിയാൻ കഴിയുന്നുണ്ട്. എത്രത്തോളമെന്നാൽ, അവർ ഇസ്ലാമിന്നെതിരിൽ നിന്ദ്യമായതരത്തിലുള്ള കളവും വഞ്ചനയും ചതിയുംപോലും ഒഴിവാക്കിയിരുന്നില്ല. മുസ്ലിംകൾ തികഞ്ഞ സമർഥരും ജാഗരൂകരുമായിരുന്നിട്ടും ചില ഘട്ടങ്ങളിൽ തങ്ങളുടെ സത്യവിശ്വാസപരമായ നിഷ്കളങ്കതകൊണ്ട് അവരുടെ വഞ്ചനയ്ക്കിരയാകാറുണ്ടായിരുന്നു. ഖുർആൻ ഹൃദിസ്തമാക്കിയവരും നമസ്കരിക്കുന്നവരും തഹജ്ജുദ് നമസ്കരിക്കുന്നവരും മസ്ജിദിന്റെ മൂലക്കിരുന്ന് അല്ലാഹുവിനെ സ്മരിക്കുന്നവരും ദരിദ്രരും പട്ടിണി കിടക്കുന്നവരുമായിരുന്നു അവർ. അവരെ ഈ അക്രമികൾ ദീൻ പഠിപ്പിച്ചുതരണമെന്ന് കളവ് പറഞ്ഞ് തങ്ങളുടെ നാട്ടിൽ വിളിപ്പിച്ചതാണ്. അതിഥികളെന്ന നിലയിൽ അവരുടെ നാട്ടിൽ ഇവർ ചെന്നപ്പോൾ അങ്ങേയറ്റം ദാരുണമായനിലയിൽ വാളിന്നിരയാക്കി. ഈ സംഭവങ്ങൾ നബി(സ) തിരുമേനിയെ വളരെയധികം ദുഃഖത്തിലാഴ്ത്തി. എന്നാൽ, ആ നേരത്ത് അവിടന്ന് റജീഇലേയും ബിഅ്റുമഊനയിലേയും ചോരയൊഴുക്കിയ ഘാതകർക്കെതിരിൽ ഒരു യുദ്ധനടപടിയും സ്വീകരിച്ചില്ല. (ദുഃഖം തീർച്ചയായും ഉണ്ടായിരുന്നു. പക്ഷേ, അവർക്കെതിരിൽ യുദ്ധനടപടി ഒന്നും കൈക്കൊണ്ടില്ല). എന്നാൽ, ഈ വാർത്ത ലഭിച്ച തിയ്യതി മുതൽ തുടർച്ചയായി 30 ദിവസംവരെ അവിടന്ന് ഓരോ ദിവസവും സുബ്ഹി നമസ്കാരത്തിൽ നിന്നതിനുശേഷം വളരെ സങ്കടത്തോടുകൂടി റിഅ്ൽ , സക്വാൻ, ഉസ്വയ്യ, ബനുലഹ്യൻ എന്നിവരുടെ പേരെടുത്ത് അല്ലാഹുവിനോടു ദുആ ചെയ്തു: 'എന്റെ യജമാനനായുള്ളോവേ! നീ ഞങ്ങളുടെ അവസ്ഥയിൽ കരുണ ചൊരിഞ്ഞാലും. ഇസ്ലാമിന്റെ ശത്രുക്കളുടെ കൈതടഞ്ഞാലും; അവർ നിന്റെ ദീനിനെ വിപാടനം ചെയ്യുന്നതിന് നിഷ്കരുണവും കഠിനഹൃദയത്തോടുംകൂടിയും നിരപരാധികളായ മുസ്ലിംകളുടെ രക്തമൊഴുക്കിക്കൊണ്ടിരിക്കുന്നു.'(സീറത്തു ഖാത്തുമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ, പേജ് 520–521)

അതിനാൽ ഇന്നും ശത്രുക്കളുടെ കൈകൾ തടയുന്നതിന് പ്രാർഥനകളിലൂടെതന്നെ അല്ലാഹുവിനോടു സഹായം തേടേണ്ട ആവശ്യമുണ്ട്. അല്ലാഹുതന്നെ ഇവരെ പിടിക്കാനുള്ള സാഹചര്യമൊരുക്കുമാറാകട്ടെ. അല്ലാഹു എളുപ്പം ഉണ്ടാക്കിത്തരുമാറാകട്ടെ.

ഹദ്റത്ത് സഅ്ദ് ബിൻ ഖൗല ഒരു സ്വഹാബിയായിരുന്നു. ചിലർ പറയുന്നത് അദ്ദേഹം അബീറഹം ബിൻ അബ്ദുൽ ഉസ്സ ആമിരി മോചിപ്പിച്ച അടിമയായിരുന്നുവെന്നാണ്. അവിടന്ന് ഇസ്ലാം സ്വീകരിച്ചു. ആരംഭകാല മുസ്ലിംകളിലാണ് അദ്ദേഹം എണ്ണപ്പെടുന്നത്. അദ്ദേഹം ഹബ്ശയിലേക്ക് രണ്ടാംതവണ ഹിജ്റത്ത് ചെയ്തവരിൽപ്പെടുന്നു. ഹദ്റത്ത് സഅ്ദ് ബിൻ ഖൗല മക്കയിൽനിന്ന് മദീനയിലേക്ക് ഹിജ്റ ചെയ്തപ്പോൾ ഹദ്റത്ത് കുൽഥൂം ബിൻ ഹദമിന്റെ വീട്ടിലാണ് താമസിച്ചത്. ഇബ്നു ഇസ്ഹാഖ് മൂസാ ബിൻ ഉഖ്ബ അദ്ദേഹത്തിന്റെ സ്മരണ ബദ്റിൽ പങ്കെടുത്തവരിൽപ്പെടുത്തിയിരിക്കുന്നു. ഹദ്റത്ത് സഅ്ദ് ബിൻ ഖൗല ബദ്ർ യുദ്ധത്തിൽ പങ്കെടുത്തപ്പോൾ അദ്ദേഹത്തിന് 25 വയസ്സായിരുന്നു. അദ്ദേഹം ഉഹുദ്, ഖന്തഖ്, ഹുദയ്ബിയ സന്ധി എന്നിവയിൽ പങ്കെടുത്തിരുന്നു. ഹദ്റത്ത് സഅ്ദ്(റ)ഹദ്റത്ത് സുബയ്അ അസ്ലമിയ്യായുടെ ഭർത്താവായിരുന്നു. ഹജ്ജുത്തുൽവിദായുടെ അവസരത്തിലാണ് അദ്ദേഹം വഫാത്തായത്. അദ്ദേഹം വഫാത്തായി കുറച്ചുകാലം കഴിഞ്ഞ് അദ്ദേഹത്തിന് കുട്ടി ജനിച്ചു. അപ്പോൾ നബി(സ) തിരുമേനി അദ്ദേഹത്തിന്റെ ഭാര്യയോടു പറഞ്ഞു: ഈ കുട്ടി പിറന്നതിനുശേഷം നീ ആഗ്രഹിക്കുന്ന ആളുമായി നിനക്ക് വിവാഹം കഴിക്കാവുന്നതാണ്. അദ്ദേഹം ഹജ്ജത്തുൽ വിദാഇൽ വഫാത്തായി എന്നതിനെ സംബന്ധിച്ച് ത്വബ്രിയല്ലാതെ മറ്റാരും അഭിപ്രായഭിന്നത പ്രകടിപ്പിച്ചിട്ടില്ല. അദ്ദേഹത്തിന്റെ പക്കൽ അദ്ദേഹം മരിച്ചത് മുമ്പേയാണ്.(അസദുൽഗാബ, വാള്യം 2, പേജ് 209–210, സഅ്ദ് ബിൻ ഖൗല, പ്രസാധകർ ദാറുൽ ഫികർ ബേറൂത്ത് 2003)(അത്ത്വബ്ഖാത്തുൽ കുബ്റാ, വാള്യം 3, പേജ് 217, സഅ്ദ് ബിൻ ഖൗല, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996)

മറ്റൊരു സ്വഹാബിയാണ് ഹദ്റത്ത് അബുൽഹയ്ഥം. ഹദ്റത്ത് അബുൽഹയ്ഥം ബിൻ ഇൽത്തീഹാൻ അൻസ്വാരിയുടെ യഥാർഥ നാമം മാലിക് എന്നായിരുന്നു. പക്ഷേ, അബുൽ ഹയ്ഥം എന്ന സംജ്ഞാനാമത്തിൽ പ്രശസ്തനായി. അദ്ദേഹത്തിന്റെ മാതാവ് ലയ്ല ബിൻത് അത്തീഖ്, ബില്ലി ഗോത്രത്തിൽപ്പെട്ടവരാണ്. മിക്ക ഗവേഷകന്മാരും പറയുന്നത് അവിടന്ന് ഔസ് ഗോത്രത്തിന്റെ ശാഖയായ ബില്ലിയിൽപെട്ടവരാണെന്നാണ്. അവർ ബനു അബ്ദുൽ അശ്ഹലിന്റെ സഖ്യകക്ഷിയായിരുന്നു.(അൽഇസ്വാബ ഫീ തമീസ്സിസ്സ്വഹാബ, വാള്യം 7, പേജ് 365, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995). (അത്ത്വബ്ഖാത്തുൽ കുബ്റാ, വാള്യം 3, പേജ് 341, അബുൽഹയ്ഥം ബിൻ ഇൽത്തീഹാൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990) (സയ്റുസ്സഹാബ, വാള്യം 3, പേജ് 215, അബുൽഹയ്ഥം ബിൻ ഇൽത്തീഹാൻ, പ്രസാധകർ ദാറുൽഇശാഅത്ത് കറാച്ചി 2004) മുഹമ്മദ് ബിൻ ഉമർ പറയുന്നു: ഹദ്റത്ത് അബുൽ ഹയ്ഥം(റ) ജാഹിലിയ്യ കാലഘട്ടത്തിലും ബിംബങ്ങളെ ആരാധിക്കാത്ത ആളായിരുന്നു. അവയെ മോശമായി പറഞ്ഞിരുന്നു. ഹദ്റത്ത് അസദ് ബിൻ സുറാറയും ഹദ്റത്ത് അബുൽ ഹയ്ഥമും തൗഹീദ് വിശ്വാസികളായിരുന്നു. ഇവർ രണ്ടുപേരും ആദ്യകാല അൻസ്വാരികളാണ്. അവർ മക്കയിലാണ് ഇസ്ലാം സ്വീകരിച്ചത്. (അത്ത്വബ്ഖാത്തുൽ കുബ്റാ, വാള്യം 3, പേജ് 341, അബുൽഹയ്ഥം ബിൻ ഇൽത്തീഹാൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990) ചിലർ പറയുന്നത് ഒന്നാം അഖബ ബയ്അത്തിനുമുമ്പേ, ഹദ്റത്ത് അസദ് ബി ൻ സുറാറ ആറു ആളുകളോടൊപ്പം മക്കയിൽനിന്ന് മുസ്ലിമായി മദീനയിൽ വന്നപ്പോൾ ഹദ്റത്ത് അബു ൽ ഹയ്ഥമിനെ ഇസ്ലാമിലേക്ക് ക്ഷണിച്ചുവെന്നാണ്. അദ്ദേഹം ആദ്യമേതന്നെ പ്രകൃതിമതത്തിന്റെ അന്വേഷണത്തിലായിരുന്നതുകൊണ്ട് ഉടനെ ഇസ്ലാം സ്വീകരിച്ചു. പിന്നീട് ഒന്നാം അഖബ ബയ്അത്തിന്റെ നേരത്ത് 12 ആളുകളുടെ സംഘം മക്കയിൽ പോയപ്പോൾ അതിൽ ഇദ്ദേഹവും ഉണ്ടായിരുന്നു. മക്കയിലെത്തി അദ്ദേഹം നബി(സ) തിരുമേനിക്ക് ബയ്അത്ത് ചെയ്തു.(സയ്റുസ്സഹാബ, വാള്യം 3, പേജ് 215, അബുൽഹയ്ഥം ബിൻ ഇൽത്തീഹാൻ, പ്രസാധകർ ദാറുൽഇശാഅത്ത് കറാച്ചി 2004)

സീറത്തു ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഇതു സംബന്ധമായി എഴുതുന്നു: നബി(സ) തിരുമേനി ആളുകളിൽനിന്ന് മാറി ഒരു മലയിടുക്കിൽ അദ്ദേഹത്തെ കണ്ടു. അദ്ദേഹം യഥ്രിബിന്റെ അവസ്ഥകൾ പറഞ്ഞുകൊടുത്തു. ഇപ്രാവശ്യം എല്ലാവരും ഔദ്യോഗികമായി നബി(സ) തിരുമേനിയുടെ കൈയിൽ ബയ്അത്ത് ചെയ്തു. ഈ ബയ്ത്താണ് മദീനയിൽ ഇസ്ലാം സ്ഥാപനത്തിന്റെ അടിസ്ഥാനശില. അതുകൊണ്ട് നബി(സ) തിരുമേനി അവരിൽനിന്ന്, ജിഹാദ് നിർബന്ധമാക്കപ്പെട്ടതിനുശേഷം സ്ത്രീകളിൽനിന്ന് ബയ്അത്ത് വാങ്ങിയിരുന്ന വാക്കുകളിലാണ് ബയ്അത്ത് വാങ്ങിയിരുന്നത്. അതായത് ഞങ്ങൾ ദൈവത്തോടു ഒന്നിനേയും പങ്കുചേർക്കുകയില്ല. കളവു ചെയ്യുകയില്ല. വ്യഭിചരിക്കുകയില്ല. ഞങ്ങളുടെ കുഞ്ഞുങ്ങളെ വധിക്കുകയില്ല. ആരുടെമേലും അപവാദം പറയുകയില്ല. സന്മാർഗകാര്യങ്ങളിൽ നബി(സ)തിരുമേനി യെ അനുസരിക്കാതിരിക്കുകയില്ല.' ബയ്അത്തിനു

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."**
**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

ശേഷം നബി(സ) തിരുമേനി പറഞ്ഞു: നിങ്ങൾ സത്യസന്ധതയോടും ദൃഢചിത്തതയോടും കൂടി ഈ കരാറിൽ നിലനിന്നാൽ നിങ്ങൾക്ക് സ്വർഗം ലഭിക്കുന്നതാണ്. ഭീരുത്വം കാണിച്ചാൽ നിങ്ങളുടെ കാര്യം അല്ലാഹുവിലാണ്; അവൻ ഉദ്ദേശിക്കുന്നതുപോലെ പെരുമാറും. ഈ ബയ്അത്ത് അഥവാ അനുസരണപ്രതിജ്ഞ ചരിത്രത്തിൽ ബയ്അത്ത് അഖബ ഊലാ എന്ന പേരിൽ പ്രസിദ്ധമാണ്. കാരണം ബയ്അത്ത് ചെയ്ത ഈ സ്ഥലം അഖബ എന്നാണ് പറയപ്പെടുന്നത്. അത് മക്കയ്ക്കും മദീനയ്ക്കുമിടയിലാണ്. അഖബ എന്ന പദത്തിന്റെ അർഥം ഉയർന്ന പർവ്വത വഴി എന്നാണ്.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ് മദ് എം.എ പേജ് 224-225). തങ്ങളുടെ ജനതയിൽനിന്ന് ഏറ്റവുമാദ്യം മക്കയിൽപോയി ഇസ്‌ലാം സ്വീകരിച്ച ആറു ആളുകളിൽപ്പെട്ടയാളാണ് അബുൽഹയ്ഥം. പിന്നീട് മദീനയിൽ തിരിച്ചുവന്ന് ഇസ്‌ലാം പ്രചരിപ്പിച്ചു. അദ്ദേഹത്തെക്കുറിച്ച് ഒരു രിവായത്തും ലഭിക്കുന്നുണ്ട്. അദ്ദേഹം ഒന്നാം അഖബാ ബയ്അത്തിലും പങ്കെടുത്തിരുന്നു. എല്ലാ ഗവേഷകരും ഇതിനോടു യോജിക്കുന്നു. രണ്ടാം അഖബാ ബയ്അത്തിൽ, നബി(സ) തിരുമേനി 70 അൻസ്വാറിൽനിന്ന് 12 നഖീബുമാരെ തിരഞ്ഞെടുത്തതിൽ ഒരാൾ ഇദ്ദേഹമായിരുന്നു.(അത്ത്വബ്ഖാത്തുൽ കുബ്റാ, വാള്യം 3, പേജ് 341-342, അബുൽഹയ്ഥം ബിൻ ഇൽത്തീഹാൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996). നഖീബ്(അധ്യക്ഷൻ) എന്നതിന്റെ ബഹുവചനം നു ഖബാഅ് എന്നാണ്. ഇതിന്റെ അർഥം അറിവും കഴിവുമുള്ള ആളുകളെ അവരുടെ നേതാവോ സർദാരോ അല്ലെങ്കിൽ മേൽനോട്ടക്കാരോ ആയി നിശ്ചയിക്കുക എന്നാണ്.

ഒരു ഹദീഥിൽ വന്നിരിക്കുന്നു. ബയ്അത്ത് അഖബാ നടക്കുമ്പോൾ ഹദ്റത്ത് അബുൽ ഹയ്ഥം പറഞ്ഞു: യാ റസൂലല്ലാഹ്! ഞങ്ങളുടേയും മറ്റു ഗോത്രങ്ങളുടേയുമിടയിൽ പരസ്പരം സഹായിക്കുമെന്നുള്ള കുറച്ച് ഉടമ്പടികളുണ്ട്. ഞങ്ങൾ ഇസ്‌ലാം സ്വീകരിച്ചു, ബയ്അത്തും ചെയ്തു. ഞങ്ങൾ അങ്ങയുടേതായിത്തീർന്ന സ്ഥിതിക്ക് ആ ഉടമ്പടിയുടെ കാര്യം അങ്ങ് പറയുന്നതുപോലെയായിരിക്കും ഞങ്ങൾ ചെയ്യുന്നത്. നബി(സ) തിരുമേനിയോടു അബുൽ ഹയ്ഥം(റ)പറഞ്ഞു: 'ഈ അവസരത്തിൽ ഞാൻ അങ്ങയോടു അപേക്ഷിക്കുകയാണ്. അല്ലാഹുവിന്റെ റസൂലേ! ഇപ്പോൾ ഞങ്ങളുടെ ബന്ധം അങ്ങയുമായിട്ടുണ്ടാകുകയാണ്. അല്ലാഹു അങ്ങയെ സഹായിക്കുകയും അങ്ങയുടെ ജനതയുടെമേൽ അങ്ങയ്ക്ക് വിജയം നല്കുകയും ചെയ്യുമ്പോൾ അങ്ങ് ഞങ്ങളെ വിട്ട് അങ്ങയുടെ ജനതയിലേക്ക് പോകുകയും ഞങ്ങളെ ദുഃഖത്തിലാഴ്ത്തുകയും ചെയ്യരുതേ! നബി(സ) തിരുമേനി ഇതുകേട്ട് പുഞ്ചിരിച്ചുകൊണ്ടുപറഞ്ഞു: ഇപ്പോൾ നിങ്ങളുടെ രക്തം എന്റെ രക്തമായി കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ഞാൻ നിങ്ങളിൽപെട്ടവനാണ്. നിങ്ങൾ എന്നിൽനിന്നുള്ളവരുമാണ്. നിങ്ങളോടു യുദ്ധം ചെയ്യുമ്പോൾ എന്നോടാണ് യുദ്ധം ചെയ്യുന്നത്. നിങ്ങളോട് ഐക്യപ്പെടുമ്പോൾ എന്നോടാണ് ഐക്യപ്പെടുന്നത്.' (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 5, പേജ് 427, ഹദീഥ് 15891, പ്രസാധകർ ദാറുൽകുതുബ് ബേറൂത്ത് 1998). നബി(സ) തിരുമേനി മക്കയിൽനിന്നുള്ള ഹിജ്റത്തിനുശേഷം ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊനേയും ഹദ്റത്ത് അബുൽഹയഥ് അൻസ്വാരിയേയും സഹോദരന്മാരാക്കി.(അൽ ഇസ്വാബ ഫീ തമീസ്സിസ്സഹാബ, വാള്യം 7, പേജ് 365,അബുൽഹയ്ഥം ബിൻ ഇൽത്തീഹാൻ പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995).

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ല(റ) നിവേദനം. നബി(സ) തിരുമേനി ഒരു അൻസ്വാരി വ്യക്തിയുടെ അടുക്കൽപോയി. അദ്ദേഹത്തോടൊപ്പം ഒരു കൂട്ടുകാരനുമുണ്ടായിരുന്നു. നബി(സ) അദ്ദേഹത്തോടു പറഞ്ഞു: നിങ്ങളുടെ കൈയിൽ വെള്ളമുണ്ടെങ്കിൽ കുടിപ്പിക്കുക. ഇല്ലെങ്കിൽ ഞങ്ങൾ ഇവിടെനിന്ന് വായവെച്ച് കുടിക്കുന്നതായിരിക്കും; അവിടെ വെള്ളം ഒഴുകുന്നുണ്ടായിരുന്നു. അയാൾ തന്റെ തോട്ടം നനയ്ക്കുകയായിരുന്നു. അയാൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! രാത്രിയിലെ വെള്ളം എന്റെ കൈയിലുണ്ട്. അങ്ങ് കുടിലിലേക്ക് നടന്നാലും. അയാൾ അതായത് ഹദ്റത്ത് അബുൽ ഹയ്ഥം നബി(സ) തിരുമേനിയേയും അവിടത്തെ കൂട്ടുകാരനേയും കൂട്ടിക്കൊണ്ടുപോയി ഒരു കോപ്പയിൽ വെള്ളമൊഴിച്ച് അതിനുമുകളിൽ വീട്ടിലെ ആടിന്റെ പാൽ കറന്നൊഴിച്ചു. നബി(സ) തിരുമേനി ആ പാനീയം കുടിച്ചു. പിന്നീട് കൂട്ടുകാരനും കുടിച്ചു. ഇത് ബുഖാരിയുടെ രിവായത്താണ്.(സ്വഹീഹ് ബുഖാരി, ഹദീഥ് 5613).

ഇപ്രകാരംതന്നെ ഒരു നിവേദനമുണ്ട്. ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാ വിവരിക്കുന്നു. ഹദ്റത്ത് അബുൽ ഹയ്ഥം ബിൻ ഇൽത്തിഹിയാൻ, നബി(സ) തിരുമേനിക്കുവേണ്ടി ഭക്ഷണം തയ്യാറാക്കി. നബി(സ) തിരുമേനിയേയും അവിടത്തെ സ്വഹാബാക്കളേയും ക്ഷണിച്ചു. എല്ലാവരും ഭക്ഷണം കഴിച്ചുകഴിഞ്ഞപ്പോൾ അവിടന്ന് സ്വഹാബത്തനോടു പറഞ്ഞു. നിങ്ങളുടെ സഹോദരന് പകരം നല്കുക. അവർ ചോദിച്ചു. എന്താണ് പകരം നല്കേണ്ടത്. അവിടന്ന് പറഞ്ഞു: ആരെങ്കിലും ആരുടെയെങ്കിലും വീട്ടിൽപോയി ഭക്ഷണം കഴിക്കുകയും വെള്ളം കുടിക്കുകയും ചെയ്താൽ അവർക്കുവേണ്ടി ദുആ ചെയ്യുക. ഇത് ആ ഭക്ഷണത്തിനുള്ള പകരമാണ്.(സുനൻ അബൂദാവൂദ്, ഹദീഥ് 3853) ഓരോ മുസ്‌ലിമും പാലിക്കേണ്ട ശ്രേഷ്ഠമായ സ്വഭാവരീതിയാണിത്.

ഹദ്റത്ത് അബൂ ഹുറയ്റ(റ) പറയുന്നു. പൊതുവെ ആരും പുറത്തിറങ്ങാത്തതും ആരും ആരേയും കണ്ടുമുട്ടാത്തതുമായ നേരത്തായിരുന്നു നബി(സ) തിരുമേ നി വീട്ടിൽനിന്നിറങ്ങിയിരുന്നത്. പിന്നീട് നബിയുടെയടുക്കൽ ഹദ്റത്ത് അബൂബക്കർ വന്നു. എന്തു കാര്യമാണ് താങ്കളെ ഇവിടെ കൊണ്ടുവന്നതെന്ന് അവിടന്ന് ചോദിച്ചു; അതായത് വീട്ടിൽനിന്ന് വെളിയിൽ കൊണ്ടുവന്നത്? അദ്ദേഹം പറഞ്ഞു: ഞാൻ റസൂലുല്ലാഹി(സ)യുമായി കൂടിക്കാഴ്ച നടത്തുന്നതിനും അവിടത്തെ അനുഗൃഹീത മുഖകമലം കാണുന്നതിനും സ്വലാത്ത് ചൊല്ലുന്നതിനും വേണ്ടിയാണ് ഇറങ്ങിയത്. അല്പം കഴിഞ്ഞ് ഹദ്റത്ത് ഉമറും വന്നു.താങ്കളെ എന്താണ് കൊണ്ടുവന്നതെന്ന് അവിടന്ന് ചോദിച്ചു. ഉമർ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! എന്നെ വിശപ്പാണ് കൊണ്ടുവന്നത്. നബി(സ) തിരുമേനി പറഞ്ഞു: എനിക്കും കുറച്ചു വിശപ്പുണ്ട്. പിന്നീട് അവരെല്ലാവരും ഹദ്റത്ത് അബുൽഹയ്ഥം അൻസ്വാരിയുടെ വീട്ടിലേക്കുപോയി. അദ്ദേഹത്തിന്റെ കൈയിൽ ധാരാളം ആടുകളും ഈന്തപ്പനകളുമുണ്ടായിരുന്നു. നബി(സ) തിരുമേനി അദ്ദേഹത്തെ വീട്ടിൽ കണ്ടില്ല. അവിടന്ന് അബുൽഹയ്ഥമിന്റെ ഭാര്യയോടു ചോദിച്ചു: 'നിന്റെ ഭർത്താവ് എവിടെയാണ്.' അവർ പറഞ്ഞു: 'അദ്ദേഹം ഞങ്ങൾക്കുവേണ്ടി കുടിവെള്ളം കൊണ്ടുവരാൻ പോയിരിക്കുകയാണ്.' കുറച്ചു നേരത്തിനുശേഷം ഹദ്റത്ത് അബുൽ ഹയ്ഥം കുടമെടുത്തുകൊണ്ടുവന്നു. അദ്ദേഹം കുടം ഒരിടത്തുവെച്ചു. നബി(സ) തിരുമേനിയെ കെട്ടിപിടിച്ചു. തന്റെ ജീവനും സ്വത്തും അർപിക്കാൻ തുടങ്ങി. എന്റെ മാതാവും പിതാവും അങ്ങയ്ക്കു തെണ്ടമാണ്. ഹദ്റത്ത് അബു ൽഹയ്ഥം അവർ മൂവരേയും കൂട്ടി തന്റെ തോട്ടത്തിലേക്കുപോയി. ഒരു പുതപ്പു വിരിച്ചു. പിന്നീട് വേഗം തോട്ടത്തിൽച്ചെന്ന് ഈന്തപ്പഴത്തിന്റെ കുലതന്നെ മുറിച്ചുകൊണ്ടുവന്നു. അതിൽ പഴുത്തതും പഴുക്കാത്തതുമൊക്കെ ഉണ്ടായിരുന്നു. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: 'അബുൽ ഹയ്ഥമേ! താങ്കൾ പഴുത്തതും പഴുക്കാത്തതുമായ ഈന്തപ്പഴം തിരഞ്ഞുകൊണ്ടുവരാതിരുന്നതെന്താണ്? മുഴുവൻ കുലയുംകൊണ്ടുവന്നിരിക്കുകയാണല്ലോ.' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റേ റസൂലേ! അങ്ങ് അങ്ങയുടെ ഇഷ്ടമനുസരിച്ച് കഴിച്ചുകൊള്ളട്ടെ എന്നു കരുതി കുലതന്നെ കൊണ്ടുവന്നതാണ്. നബി(സ) തിരുമേനിയും ഹദ്റത്ത് അബൂബക്കറും ഹദ്റത്ത് ഉമറും ഈന്തപ്പഴം തിന്നു. വെള്ളം കുടിച്ചു.അതിനുശേഷം നബി(സ) തിരുമേനി പറഞ്ഞു. അല്ലാഹുവാണ! ഖിയാമത്തു നാളിൽ താങ്കളോടു ചോദിക്കപ്പെടുന്ന അനുഗ്രഹങ്ങളാണിത്. അതായത് തണുപ്പുള്ള തണലും വെള്ളവും പുതിയ ഈന്തപ്പനകളും. പിന്നീട് ഹദ്റത്ത് അബുൽഹയ്ഥം നബി(സ) തിരുമേനിയ്ക്ക് ഭക്ഷണത്തിനുള്ള ഏർപാട് ചെയ്യാൻ എഴുന്നേറ്റു. അവിടന്ന് പറഞ്ഞു: 'കറവയുള്ള ആടിനെ അറുക്കരുത്.' അപ്പോൾ അദ്ദേഹം ഒരു ആട്ടിൻകുട്ടിയെ അറുത്തു. അതുമായി നബി(സ) തിരുമേനിയുടെ അടുക്കൽവന്നു. എല്ലാവരും അത് ഭക്ഷിച്ചു. അവിടന്ന് ചോദിച്ചു: 'താങ്കൾക്ക് പരിചാരകരായി ആരെങ്കിലുമുണ്ടോ?' ഹദ്റത്ത് അബുൽഹയ്ഥം പറഞ്ഞു: 'ഇല്ല.' അവിടന്ന് പറഞ്ഞു: 'നമ്മുടെ അടുത്ത് യുദ്ധത്തടവുകാർ ആരെങ്കിലും വന്നാൽ താങ്കൾ വരണം.' നബി(സ)തിരുമേനിയുടെ അടുക്കൽ രണ്ട് യുദ്ധത്തടവുകാർ വന്നപ്പോൾ ഹദ്റത്ത് അബുൽഹയ്ഥം നബിയുടെ അടുത്തുവന്നു. അവിടന്ന് പറഞ്ഞു: 'ഇവരിൽ ഒരാളെ ഇഷ്ടപ്പെട്ടുകൊള്ളുക.' അങ്ങുതന്നെ എനിക്ക് തിരഞ്ഞെടുത്തുതരികയെന്ന് അബുൽ ഹയ്ഥം പറഞ്ഞു. നബി(സ) തിരുമേനി പറഞ്ഞു: 'ആരോടാണോ അഭിപ്രായം ആരായുന്നത് അയാൾ അമീനാകുന്നു; വിശ്വസ്തൻ.' ഇക്കാര്യവും പ്രത്യേകമായ നിലയിൽ ഓരോരുത്തരും നോട്ടുചെയ്യേണ്ടതാണ്. ആരോടാണോ അഭിപ്രായം ആരായുന്നത് അയാൾ അമീനാകുന്നു. അതുകൊണ്ട് എപ്പോഴും നല്ല അഭിപ്രായങ്ങൾ നല്കേണ്ടതാണ്. പിന്നീട് അവിടന്ന് പറഞ്ഞു: 'ഈ സേവകനെ എടുത്തുകൊള്ളുക. കാരണം ഞാൻ അയാൾ ആരാധന നിർവഹിക്കുന്നത് കണ്ടിട്ടുണ്ട്.' ആ സേവകന്റെ സവിശേഷതയും പറഞ്ഞു; അല്ലാഹുവിനെ സ്മരിക്കുന്നവനാണ്. അയാളുടെ മനസ്സിൽ നന്മയുണ്ട്. അതിനോടൊപ്പം വീണ്ടും പറഞ്ഞു: 'അയാളോടു നല്ലരീതിയിൽ പെരുമാറണം.' ഹദ്റത്ത് അബുൽ ഹയ്ഥം തന്റെ ഭാര്യയുടെയടുക്കലേക്ക് തിരിച്ചുവന്നു. അവരോട് നബി(സ) തിരുമേനിയുടെ ഉപദേശത്തെ കുറിച്ച് പറഞ്ഞു. അപ്പോൾ അവർ പറഞ്ഞു: 'നബി(സ)തിരുമേനി പറഞ്ഞ ഉപദേശം താങ്കൾക്ക് പൂർണമായും നിറവേറ്റാൻ കഴിഞ്ഞുകൊള്ളണമെന്നില്ല.' നോക്കുക! ഒരു സ്ത്രീയാണ്, അവർക്കാണെങ്കിൽ ജോലിക്കാരാരുമില്ല. കിട്ടിയാളെ കുറിച്ച് സത്യവിശ്വാസത്തിന്റെ തേജോവിലാസപരമായ നിലവാരത്തോടെ അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു: 'താങ്കൾ ഇയാളെ സ്വതന്ത്രനാക്കുമ്പോഴാണ് അതിന്റെ കടമ പൂർത്തിയാകുന്നത്. താങ്കൾക്ക് കിട്ടിയ ജോലിക്കാരനെ താങ്കൾ മോചിപ്പിക്കുക.'

അതുകേട്ട് അബുൽഹയ്ഥം അയാളെ മോചിപ്പിച്ചു.(സുനനുത്തുർമുദി, കിതാബുസ്സുഹ്ദ്, ഹദീഥ് 2369). ആ സ്വഹാബാക്കളുടെ തേജോവിലാസമായിരുന്നു ഇത്.

ഹദ്റത്ത് അബുൽ ഹയ്ഥം ബദ്ർ യുദ്ധത്തിലും ഉഹുദു, ഹന്ദഖ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ) തിരുമേനിയുടെ സഹചാരിയായിരുന്നു. മുഅത്താ യുദ്ധത്തിൽ ഹദ്റത്ത് അബ്ദുല്ലാബിൻ റവാഹായുടെ ശഹാദത്തിനു ശേഷം നബി(സ) തിരുമേനി ഹദ്റത്ത് അബുൽഹയ്ഥമിനെ ഖയ്ബറിൽ ഈന്തപ്പഴം അളന്നു തിട്ടപ്പെടുത്തുന്നതിന് അയച്ചിരുന്നു. നബി(സ) തിരുമേനിയുടെ വഫാത്തിനുശേഷം ഹദ്റത്ത് അബൂബക്കർ(റ) അദ്ദേഹത്തെ ഈന്തപ്പഴം അളന്നുതിട്ടപ്പെടുത്തുന്നതിന് അയക്കാൻ ആഗ്രഹിച്ചപ്പോൾ പോകുന്നതിനുമുമ്പേ അദ്ദേഹം ഒഴികഴിവ് പറഞ്ഞു. ഹദ്റത്ത് അബൂബക്കർ(റ)പറഞ്ഞു. താങ്കൾ നബി(സ)തിരുമേനിയ്ക്കുവേണ്ടി ഈന്തപ്പഴ അളന്നുതിട്ടപ്പെടുത്താൻ പോകാറുണ്ടായരുന്നല്ലോ. അപ്പോൾ ഹദ്റത്ത് അബുൽ ഹയ്ഥം പറഞ്ഞു: 'ഞാൻ നബി (സ) തിരുമേനിക്കുവേണ്ടി ഈന്തപ്പഴം അളന്നുതിട്ട പ്പെടുത്താറുണ്ടായിരുന്നു. ഞാൻ അതുകഴിഞ്ഞ് തിരിച്ചുവരുമ്പോൾ നബി(സ) തിരുമേനി എനിക്കുവേണ്ടി ദുആ ചെയ്യുമായിരുന്നു.' ആ നേരത്ത് അദ്ദേഹത്തിന് നബി(സ)തിരുമേനി ദുആ ചെയ്യുന്ന ചിന്തയുണ്ടായി. അദ്ദേഹം വികാരഭരിതനായി. ഇതുകേട്ട് അബൂബക്കർ(റ) അദ്ദേഹത്തെ അയച്ചില്ല. (അത്ത്വബ്ഖാത്തുൽ കുബ്റാ, വാല്യം 3, പേജ് 342, അബുൽഹയ്ഥം, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). ആ വികാരത്തിന്റെ അവസ്ഥകൊണ്ടായിരുന്നു അങ്ങനെ സംഭവിച്ചത്. ഇല്ലെങ്കിൽ ഇവരെല്ലാവരും എപ്പോഴും അനുസരിക്കുന്നവരായിരുന്നു. അനുസരണക്കേട് കാണിക്കുന്നവരായിരുന്നില്ല. ഹദ്റത്ത് അബൂബക്കർ(റ) വീണ്ടും പറഞ്ഞിരുന്നെങ്കിൽ അദ്ദേഹം അനുസരിക്കാതിരിക്കുന്ന പ്രശ്നംതന്നെ ഉദിക്കുന്നില്ല. ഹദ്റത്ത് അബൂബക്കർ(റ) അദ്ദേഹത്തോടു ആവർത്തിച്ചുപറയാതിരുന്നതുതന്നെ പ്രകടിപ്പിക്കുന്നത് ഹദ്റത്ത് അബൂബക്കറിന് അദ്ദേഹത്തിന്റെ വികാരത്തെക്കുറിച്ച് ചിന്തയുണ്ടായി എന്നാണ്. അതുകൊണ്ടാണ് കല്പിക്കാതിരുന്നത്. ഹദ്റത്ത് ഉമർ(റ)ഖയ്ബറിലെ യഹൂദികളെ നാടുകടത്തിയപ്പോൾ സ്ഥലത്തിന് വില നിശ്ചയിക്കാൻ പറ്റിയ ആളുകളെയാണ് അദ്ദേഹം അയച്ചത്. ഹദ്റത്ത് ഉമർ അവരിലേക്ക് ഹദ്റത്ത് അബുൽഹയ്ഥം, ഹദ്റത്ത് ഫറോഹ് ബിൻ അംറ്, ഹദ്റത്ത് സയ്ദ് ബിൻ ഥാബിത് എന്നിവരെ അയച്ചു. അവർ ഖയ്ബർ വാസികളുടെ ഈന്തപ്പഴത്തിനും സ്ഥലത്തിനും വിലയിട്ടു. ഹദ്റത്ത് ഉമർ(റ) ഖയ്ബർ വാസികൾക്ക് അതിന്റെ പകുതി വില നല്കി; അത് അമ്പതിനായിരം ദിർഹമിലധികമായിരുന്നു.(കിതാബുൽ മഗാസിലിൽവാഖ്ദി, വാല്യം 2, പേജ് 165, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2004) ഇവിടെ നോക്കുക! അദ്ദേഹം ആ സ്ഥലത്തുപോയി. അപ്പോൾ അദ്ദേഹത്തിന്റെ വികാരാവസ്ഥ കുറഞ്ഞിരുന്നു. കാലങ്ങൾ കഴിഞ്ഞിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന് ഒരു തടസവുമുണ്ടായിരുന്നില്ല.

അസ്സലാമു അലയ്ക്കും പറയുന്നതിനെ സംബന്ധിച്ചും ഒരു നിവേദനം അദ്ദേഹത്തിൽനിന്ന് ലഭിക്കുന്നുണ്ട്. ഹദ്റത്ത് അബൂഹയ്ഥമിൽ നിന്ന് നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: ആരാണോ അസ്സലാമു അലയ്ക്കും പറയുന്നത് അയാൾക്ക് 10 നന്മകൾ ലഭിക്കുന്നു. അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹ് പറയുന്നവർക്ക് 20 നന്മകൾ കിട്ടുന്നു. അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കത്തുഹു പറയുന്നവർക്ക് 30 നന്മകൾ ലഭിക്കുന്നു.(അൽഇസ്വാബ ഫീ തമീസ്സിസ്സഹാബ, വാല്യം 7, പേജ് 366, അബുൽഹയ്ഥം ബിൻ ഇൽത്തീഹാൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995).

ഹദ്റത്ത് അബുൽഹയ്ഥമിന്റെ വഫാത്ത് കാലത്തെ സംബന്ധിച്ച് വിഭിന്നാഭിപ്രായങ്ങളാണുള്ളത്. ചിലർ പറയുന്നത് ഹദ്റത്ത് ഉമറിന്റെ കാലത്ത് വഫാത്തായെന്നാണ്. ചിലർ പറയുന്നത് ഹിജറ ഇരുപതിലോ ഇരുപത്തൊന്നിലോ അദ്ദേഹം വഫാത്തായെന്നാണ്. ഹിജ്റ 27-ൽ ഹദ്റത്ത് അലിക്കുവേണ്ടി സിഫ്ഫീൻ യുദ്ധത്തിൽ പോരാടി അദ്ദേഹം ശഹീദായെന്നും പറയപ്പെടുന്നു. (അത്ത്വബ്ഖാത്തുൽ കുബ്റാ, വാല്യം 3, പേജ് 342, അബുൽഹയ്ഥം ബി ൻ ഇൽത്തീഹാൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990) അസദുൽഗാബ വാല്യം 5, പേജ് 13, അബുൽഹയ്ഥം മാലിക് ബിൻ ഇൽത്തീഹാൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്.

ഇതാണ് നമുക്കുവേണ്ടി മാതൃക സ്ഥാപിച്ച സ്വഹാബാക്കൾ. നമുക്ക് ഒരുപാട് കാര്യങ്ങളെക്കുറിച്ച് അറിവും നല്കി. അല്ലാഹു അവരുടെ ദർജകൾ ഉയർത്തുമാറാകട്ടെ.

ജുമുആയ്ക്കും നമസ്കാരത്തിനും ശേഷം ഞാൻ രണ്ട് ജനാസ ഗാഇബും നമസ്കരിപ്പിക്കുന്നതാണ്. സാഹിബ് സാദ മിർസാ മജീദ് അഹ്മദ് സാഹിബിന്റേതാണ് ആദ്യത്തെ ജനാസ. അദ്ദേഹം ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ)ന്റെ മകനാണ്. 2018 ആഗസ്ത് 14ന് 94-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ് ഹി റാജിഊൻ. അദ്ദേഹത്തിന്റെ ഹൃദയശസ്ത്രക്രിയ രണ്ടായിരത്തിൽ അമേരിക്കയിൽ നടന്നിരുന്നു. അതിനുശേഷം അവിടെവച്ച് പക്ഷഘാതമുണ്ടായി. അതുകഴിഞ്ഞ് അവിടന്ന് കിടക്കയിൽതന്നെയായിരുന്നു. 1924 ജൂലൈ 18ന് ഹദ്റത്ത് മിർസാ ബശീർ അഹ് മദ് സാഹിബിന്റേയും ഹദ്റത്ത് ഗുലാം ഹുസയ്ൻ സാഹിബ് പിശാവരിയുടെ മകൾ സർവർ സുൽത്വാന ബീഗം സാഹിബയുടേയും മകനായി ഖാദിയാനിൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം ഖാദിയാനിലാണ് കരസ്ഥമാക്കിയത്. ഖാദിയാനിലെ തഅ്ലീമുൽ ഇസ്ലാം ഹൈസ്കൂളിൽനിന്ന് മെട്രിക് പാസായി. 1949ൽ ഗവർമ്മെന്റ് കോളേജ് ലാഹോറിൽനിന്ന് എം.എ. ഹിസ്റ്ററി ഉന്നതമാർക്കോടെ പാസായി. അദ്ദേഹം പാസായപ്പോൾ ആളുകൾ ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ)ന് മുബാറക്ബാദ് കൊടുത്തു. മുബാറക്ബാദ് കൊടുത്തപ്പോൾ നന്ദി പ്രകടിപ്പിച്ചുകൊണ്ടുള്ള വാക്കുകൾക്ക് പുറമെ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഇങ്ങനേയും എഴുതി: 'യഥാർഥത്തിൽ സത്യവിശ്വാസികളുടെ ജമാഅത്ത് തങ്ങളുടെ സന്തോഷത്തിന്റേയും സന്താപത്തിന്റേയും അവസരങ്ങളിൽ പരസ്പരം സഹായത്തിന് നിലകൊള്ളുന്നു. പരസ്പരമുള്ള സഹായത്താൽ സുഖത്തിലും സമാധാനത്തിലും ശാന്തി കരസ്ഥമാക്കുന്നു. ഇതുതന്നെയാണ് ജമഅത്തിന്റെ വീക്ഷണത്തിന്റെ കേന്ദ്രീകൃതമായ പോയന്റ്.' വീണ്ടും എഴുതുന്നു: 'ഈ സന്തോഷത്തിൽ പങ്കെടുക്കുന്നതിനു പുറമെ, അല്ലാഹു അസീസ് മജീദ് അഹ്മദിന് അറിവിന്റെ ബാഹ്യമായ നിലവാരം പൂർത്തിയാക്കാൻ തൗഫീഖ് നല്കിയതുപോലെ അവനെ യഥാർഥമായ ജ്ഞാനം കൊണ്ടനുഗ്രഹിക്കുന്നതിനും പിന്നീട്ആ അറിവനുസരിച്ച് കർമങ്ങൾ ചെയ്യാൻ തൗഫീഖ് കിട്ടുന്നതിനും ദുആ ചെയ്യുക; കാരണം ഇതുതന്നെയാണ് നമ്മുടെ ജീവിതത്തിന്റെ യഥാർഥ ഉദ്ദേശ്യവും പാരമ്യതയും.'

മിർസാ മജീദ് അഹ്മദ് സാഹിബ് 1944 മെയ് 7ന് തന്റെ ജീവിതം മതപരമായ സേവനത്തിന് വഖ്ഫ് ചെയ്തു. അതിനോടൊപ്പം പഠനവും തുടർന്നു. 1949-ൽ ജാമിഅത്തുൽ മുബശ്ശിരിനിൽ ചേർന്നു. 1954-ൽ ജാമിഅ പാസായി. അദ്ദേഹത്തിന്റെ നിക്കാഹ് 1950 ഡിസംബർ 28ന് ജൽസസാലാനയുടെ മൂന്നാം ദിവസം ഹദ്റത്ത് നവാബ് അബ്ദുല്ലാഹ് ഖാൻ സാഹിബിന്റേയും ഹദ്റത്ത് നവാബ് അമത്തുൽ ഹഫീള് ബീഗം സാഹിബയുടെയും മകൾ സാഹിബ് സാദി ഖുദ്സിയ്യ ബീഗം സാഹിബയുമായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) വിളംബരം ചെയ്തു. അവരുടെ മക്കളിൽ മൂത്തത് നുസ്റത്ത് ജഹാൻ സാഹിബയാണ്. അവർ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിന്റെ പൗത്രൻ മിർസാ നസീർ അഹ്മദ് ത്വാരിഖിന്റെ ഭാര്യയാണ്. അവരുടെ മകനാണ് മിർസാ മഹ്മൂദ് അഹ്മദ്. ദുർറെഥമീൻ അദ്ദേഹത്തിന്റെ വേറൊരു മകളാണ്. അത് മീർ മഹ്മൂദ് അഹ്മദ് സാഹിബിന്റെ മരുമകളാണ്. അദ്ദേഹത്തിന്റെ മറ്റൊരു മകനാണ് മിർസാ ഗുലാം ഖാദിർ സാഹിബ് ശഹീദ്. അദ്ദേഹത്തിന്റെ ഭാര്യ അമത്തുന്നാസിർ സയ്യിദ് മീർ ദാവൂദ് അഹ്മദ് സാഹിബിന്റെ മകളാണ്. അഞ്ചാമത്തെ മകളാണ് ഫാഇസ സാഹിബ. അവർ സയ്യിദ് മുദ്ദഥിർ അഹ്മദ് സാഹിബിന്റെ ഭാര്യയാണ്. ഇദ്ദേഹവും വഖ്ഫെ സിന്ദഗിയാണ്.

1954-ൽ സാഹിബ് സാദ മിർസാ മജീദ് അഹ്മദ് സാഹിബ് ശാഹിദ് ഡിഗ്രി കരസ്ഥമാക്കി. 1954 സെപ്തംബർ 20ന് ആദ്യമായി അദ്ദേഹം റബ്വ തഅ്ലീമുൽ ഇസ്ലാം കോളേജിൽ നിയമിതനായി. 1956 നവംബർ 4ന് തഹ്രീകെ ജദീദിന്റെ കീഴിൽ ഘാനയിലെ നഗരമായ ഖുമാസിയിൽ സ്കൂൾ പ്രിൻസിപ്പാളായി അയച്ചു. 1963 ഡിസംബർ 24ന് പാക്കിസ്താനി ൽ തിരിച്ചെത്തി. 1964 ഏപ്രിലിൽ തഅ്ലീമുൽ ഇസ് ലാം കോളേജിൽ വീണ്ടും നിയമിതനായി. തഅ്ലീമുൽ ഇസ്ലാം കോളേജ് ഭുട്ടോ സാഹിബിന്റെ കാലഘട്ടത്തിൽ ദേശാസാൽക്കരിച്ചപ്പോൾ 1975 ഏപ്രിലിൽ അദ്ദേഹം നാഷണലൈസേഷനുശേഷം അവിടെനി ന്ന് രാജിവച്ചു. താൻ വാഖ്ഫെ സിന്ദഗിയാണെന്ന് അഞ്ചുമനിൽ റിപ്പോർട്ട് ചെയ്തു. 1975 ജൂലൈ 3ന് നാഇബ് നാളിർ തഅ്ലീം എന്ന നിലയിൽ അവിടന്ന് നിയമിതനായി. 1976-ൽ ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) അമേരിക്ക, യൂറോപ്പ് തുടങ്ങിയ രാജ്യങ്ങളിൽ പര്യടനത്തിനു പോയപ്പോൾ മിർസാ മജീദ് അഹ്മദ് സാഹിബായിരുന്നു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ പ്രൈവറ്റ് സെക്രട്ടറി. 1978-ൽ അദ്ദേഹം നാഇബ് നാളിർ അഅ്ലായായി നിയമിക്കപ്പെട്ടു. 1984-ൽ ഇവിടെനിന്ന് റിട്ടയേർഡായി. അദ്ദേഹത്തിന്റെ മരുമകൻ സയ്യിദ് മുദ്ദഥിർ അഹ്മദ് സാഹിബ് പറയുന്നു: 'അദ്ദേഹം സീറത്തുൽമഹ്ദിയുടെ കുറച്ചുഭാഗം ഇംഗ്ലീഷിലേക്ക് തർജമ ചെയ്തിരുന്നു. അൽഫള്ലിൽ പതിവായി ലേഖനമെഴുതിയിരുന്നു. അറിവുള്ള ആളായിരുന്നു. ഈ ലേഖനങ്ങൾ 'നുക്തയെ നള്ർ' എന്ന പേരിൽ പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. എഴുതാനും വായിക്കാനും വളരെ താൽപര്യമായിരുന്നു. അധികവും ലൈബ്രറിയിലായിരുന്നു സമയം ചെലവഴിച്ചിരുന്നത്.' ഇത് ഞാനും കണ്ടിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ മകൻ മിർസാ ഗുലാം ഖാദിർ ശഹീദിന്റെ ഭാര്യ അമത്തുന്നാസിർ എഴുതുന്നു: 'വളരെ സ്നേഹിക്കുന്നയാളായിരുന്നു. കുട്ടികളെ വളരെയ

ധികം സ്നേഹിച്ചിരുന്ന ആത്മാർഥനും ഹൃദയം തുറന്നയാളുമായിരുന്നു. ഏതുപ്രായത്തിലുള്ളവരോടുംഅഡ്ജസ്റ്റ് ചെയ്ത് പോകുക എന്നത് അദ്ദേഹത്തിന്റെ വളരെ വലിയ സവിശേഷതയായിരുന്നു. ഒരു സുഹൃത്തിനെ പോലെയായിരുന്നു എപ്പോഴും. കുട്ടികളോടും വലിയവരോടും യുവാക്കളോടും നല്ലരീതിയിൽ പെരുമാറിയിരുന്നു.' അവർ എഴുതുന്നു: 'തന്റെ മകൻ മിർസാ ഗുലാം ഖാദിർ ശഹീദായപ്പോൾ ക്ഷമയുടെ മാതൃകയാണ് കാണിച്ചത്.' അവർ പറയുന്നു: 'മിർസാ മജീദ് അഹ്മദ് സാഹിബും അദ്ദേഹത്തിന്റെ ഭാര്യയും ഖാദിർ ശഹീദിന്റെ മക്കളെ വളരെയേറെ ശ്രദ്ധിച്ചിരുന്നു.'

ദീർഘകാലം രോഗിയായിരുന്നു. ക്ഷമയോടും സഹനത്തോടുംകൂടി അദ്ദേഹം ജീവിച്ചു. ദ്വേഷപ്പെടുന്ന പ്രകൃതമായിരുന്നില്ല. എല്ലാവരോടും ആത്മാർഥബന്ധമായിരുന്നു. ഇപ്രകാരംതന്നെ ഉദ്യോഗസ്ഥരേയും വളരെ ഗൗനിച്ചിരുന്നു. അദ്ദേഹത്തിന്റെ മകളുടെ ഭർത്താവ് മിർസാ നാസിർ അഹ്മദ് എഴുതുന്നു: 'മിർസാ മജീദ് അഹ്മദ് സാഹിബ് നല്ല അഭിപ്രായങ്ങൾ പറയുന്നയാളായിരുന്നു. ആരെങ്കിലും അഭിപ്രായം പറഞ്ഞാൽ അതിനെ അങ്ങനെതന്നെ എന്നു പറയുന്നയാളായിരുന്നില്ല. ശരിയായത് അദ്ദേഹം പ്രകടിപ്പിക്കുമായിരുന്നു.' അല്ലാഹു അദ്ദേഹത്തോടു മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ പിന്തുടരാൻ തൗഫീഖ് നല്കുമാറാകട്ടെ. എപ്പോഴും ഖിലാഫത്തിനോടും ജമാഅത്തിനോടും ബന്ധംവെക്കുന്നവരാകട്ടെ.

രണ്ടാമത്തെ ജനാസ സയ്യിദ നസീം അഖ്ത്തർ സാഹിബയുടേതാണ്. മുഹമ്മദ് യൂസുഫ് സാഹിബിന്റെ ഭാര്യയായിരുന്നു. ശേയ്ഖുപുര ജില്ലയിലെ 'ആമ്പാനൂരിയ' വാസിയായിരുന്നു. 2018 ജൂലൈ 27ന് വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് വലിമുഹമ്മദ് സാഹിബിന്റെ പൗത്രിയും ഖാളി ദീൻ മുഹമ്മദ് സാഹിബിന്റെ മകളുമായിരുന്നു. വിഭജനത്തിനുശേഷം അവരുടെ പിതാവ്, അദ്ദേഹത്തിന്റെ കുടുംബത്തേയുംകൊണ്ട് ഖാദിയാനിൽനിന്ന് ഹിജ്റത്ത് ചെയ്ത് റബ്വയിൽ വന്നു. വിവാഹത്തിനുശേഷം ആമ്പാനൂരിയ ഗ്രാമത്തിൽ ജീവിച്ചു. ഈ വേളയിൽ ജമാഅത്തിന്റെ സ്വദർ ലജ്നയായിരുന്നു. നമസ്കാരവും, നോമ്പും തഹജ്ജുദ് നമസ്കാരവും പതിവായി നിർവഹിച്ചിരുന്നു. ദരിദ്രരെ സഹായിക്കുമായിരുന്നു. അയൽവാസികളോടു നല്ല നിലയിൽ പെരുമാറിയിരുന്നു. വിനയാന്വിതയായിരുന്നു. വളരെ നിഷ്കളങ്കയായിരുന്നു. വിശുദ്ധഖുർആൻ പതിവായി പാരായണം ചെയ്യാറുണ്ടായിരുന്നു. അഹ്മദികളും അനഹ്മദികളുമായ ധാരാളം കുട്ടികൾ അവരിൽനിന്ന് വിശുദ്ധഖുർആൻ പഠിച്ചു. അവരുടെ ഒരു മകൻ മാലിയിൽ മുബല്ലിഗാണ്. പശ്ചിമാഫ്രിക്കയിലെ മാലിയിൽ അദ്ദേഹത്തെ നിയോഗിച്ചപ്പോൾ എബോള എന്ന പകർച്ചവ്യാധി പടർന്നുപിടിച്ചിരുന്നു. ഈ അവസ്ഥയിൽ മകനെ അവിടെ അയക്കരുതെന്ന് അവരോടു ജമാഅത്തിനു വെളിയിലുള്ള ആരോ പറഞ്ഞു. അവർ ഉടനെ പറഞ്ഞു: 'ഞാനെന്റെ രണ്ടു മക്കളേയും ഒരുപാട് ദുആ ചെയ്തതിനുശേഷമാണ് അല്ലാഹുവിന്റെ വഴിയിൽ വഖ്ഫ് ചെയ്തിട്ടുള്ളത്. വഖ്ഫിനു ശേഷം അവർ അല്ലാഹുവിന്റേതാണ്. അവരെക്കൊണ്ട് അല്ലാഹു എവിടെ സേവനം ചെയ്യിക്കുന്നുവെന്നത് എനിക്ക് പ്രശ്നമല്ല. എന്റെ മക്കൾക്ക് തനിക്കു സേവനം ചെയ്യാൻ അല്ലാഹു തൗഫീഖ് നല്കി എന്നതിൽ എനിക്ക് അഭിമാനമുണ്ട്.'

അല്ലാഹു നിങ്ങൾക്ക് സേവനം ചെയ്യാൻ തൗഫീഖ് തന്നാൽ അല്ലാഹുവിനോടും നിങ്ങളുടെ വഖ്ഫിനോടും കൂറുപുലർത്തണമെന്ന് എപ്പോഴും മക്കളെ ഉപദേശിക്കുമായിരുന്നു. പരേത മൂസിയായിരുന്നു. അവരുടെ മകൻ നാസിർ അഹ്മദ് നാസിർ സാഹിബ് മാലിയിലെ മുബല്ലിഗാണ്. അൻസ്വർ മഹ്മൂദ് സാഹിബ് പാക്കിസ്താനിൽ മുറബ്ബിയാണ്. ഇവരുടെ മക്കൾക്ക് ഇവരുടെ ജനാസയിൽ പങ്കെടുക്കാൻ സാധിച്ചിരുന്നില്ല. അല്ലാഹു ഇവർക്കും ക്ഷമയും സഹനവും പ്രദാനം ചെയ്യുമാറാകട്ടെ. പരേതയുടെ പദവികൾ ഉയർത്തുമാറാകട്ടെ. അവരുടെ നന്മകൾ അവരുടെ മക്കളിലും തുടർന്നുകൊണ്ടുപോകുമാറാകട്ടെ.

( പേജ് 2ൽനിന്ന്)

ഉണ്ടാകണം. ആരാധനയും സത്യവിശ്വാസവും മനുഷ്യൻ തനിക്ക് കഴിയുന്നിടത്തോളം അതിന്റെ ഉത്തുംഗസ്ഥാനത്തെത്തിക്കുക എന്നതാണ് ഉന്നതികൊണ്ടുദ്ദേശിക്കുന്നത്. ഇതുകൂടാതെ അല്ലാഹുവിന്റെ കൈകൊണ്ടുമാത്രം സാധിക്കുന്ന ആ അവസ്ഥകൾ ഉണ്ടാകണം.

മനുഷ്യന്റെ പരിശ്രമവും ബുദ്ധിയും അദൃശ്യനായ ദൈവത്തെ വിശ്വസിക്കുക എന്ന നിലവരെ മാത്രമേ നയിക്കുകയുള്ളുവെന്നത് വ്യക്തമാണ്. ഇക്കാരണത്താൽ മനുഷ്യന് വഹിക്കാവുന്നതിനെക്കാൾ കൂടുതൽ ഭാരം അവന് കൊടുക്കാൻ ആഗ്രഹിക്കാത്ത ന്യായപ്രമാണം അവൻ തന്റെ ശക്തികൊണ്ട് അദൃശ്യത്തിൽ വിശ്വസിക്കുക എന്നതിനെക്കാളുപരി ഒരു വിശ്വാസം കരസ്ഥമാക്കാൻ നിർബന്ധിക്കുന്നില്ല. അതേ സന്മാർഗികൾക്ക് *'ഹുദൻല്ലിൽ മുത്തഖീൻ'* എ ന്ന ആയത്തിൽ, അവർ അദൃശ്യത്തിലുള്ള വിശ്വാസത്തിൽ ഉറച്ചുനിൽക്കുകയും തങ്ങളെക്കൊണ്ട് ആവുന്നത് പ്രവർത്തിക്കുകയും ചെയ്യുമ്പോൾ അല്ലാഹു ഈമാനിന്റെ അഥവാ സത്യവിശ്വാസത്തിന്റെ അവസ്ഥയിൽനിന്ന് ഇർഫാനിന്റെ അഥവാ ദൈവജ്ഞാനത്തിന്റെ അവസ്ഥവരെ എത്തിക്കുമെന്ന് വാഗ്ദാനം നൽകിയിരിക്കുന്നു. അപ്പോൾ അവരുടെ വിശ്വാസത്തിന് മറ്റൊരു നിറമുണ്ടാകും. തന്നിലേക്ക് വരുന്നവരെ അവരുടെ പരിശ്രമംകൊണ്ട് ഇവർ നേടിയെടുക്കുന്ന വിശ്വാസത്തിലും അവർ ചെയ്യുന്ന കർമങ്ങളിലും മാത്രം അവരെ ഒതുക്കി നിറുത്താൻ വിശുദ്ധ ഖുർആൻ ആഗ്രഹിക്കുന്നില്ലായെന്നത് അതിന്റെ സത്യതയ്ക്കുള്ള ഒരു അടയാളമാണ്. കാരണം, അങ്ങനെയായാൽ അല്ലാഹു യഥാർഥത്തിൽ ഉണ്ടെന്ന് അറിയുന്നതെങ്ങനെ? അതുകൊണ്ട് അല്ലാഹു മാനുഷികമായ പരിശ്രമത്തിന്റെ നെറുകയിൽ, തന്നിൽനിന്ന് ഒരു കനി വെച്ചുകൊടുക്കുന്നു. ദൈവികമായ തിളക്കവും നിയന്ത്രണവും അതിലുണ്ടാകുന്നു. ഉദാഹരണത്തിന് ഞാൻ വിശദീകരിക്കുകയുണ്ടായി. പ്രപഞ്ചത്തിന്റെ ഓരോ അംശവും സാക്ഷിപറയുന്ന ആ അദൃശ്യനായ ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുക എന്നതിനെക്കാളുപരി മനുഷ്യന് മറ്റെന്താണ് ചെയ്യാൻ കഴിയുക. തന്റെ നടപ്പും തന്റെ കഠിനാധ്വാനവും തന്റേതായ ശക്തിയും കൊണ്ട് ദൈവിക പ്രകാശത്തിനുമേൽ അറിവുനേടുകയും ഈമാനികാവസ്ഥയിൽനിന്ന് ഇർഫാനീ അവസ്ഥവരെ എത്തുകയും 'മുശാഹദ'യുടേയും 'റുഅ്യ'ത്തിന്റേയും അവസ്ഥ തന്റെ ഉള്ളിൽ സൃഷ്ടിക്കുകയും ചെയ്യുക എന്നത് മനുഷ്യ കഴിവിൽപ്പെട്ടതല്ല.

സാധിക്കുന്നിടത്തോളം പരിശുദ്ധിയോടും വൃത്തിയോടുംകൂടി സമാധാനത്തോടെ നമസ്കരിക്കുകയും വീണുപോകാതെ അതിനെ സംരക്ഷിക്കാൻ ശ്രമിക്കുകയും അതിൽ ചൊല്ലേണ്ട കാര്യങ്ങളായ അല്ലാഹുവിനെ സ്തുതിക്കുക, പശ്ചാത്തപിക്കുക, പൊറുക്കലിനെ തേടുക, പ്രാർഥിക്കുക, സ്വലാത്തു ചൊല്ലുക തുടങ്ങിയവ പാലിക്കുകയും ചെയ്യുക എന്നതല്ലാതെ മറ്റെന്താണ് മനുഷ്യനെക്കൊണ്ട് സാധിക്കുക? അസാധാരണമായ യഥാർഥസ്നേഹവും ഭയഭക്തിയും ധ്യാനത്താൽ നിറയ്ക്കപ്പെട്ട ആനന്ദവും അഭിരുചിയും മാലിന്യങ്ങളെല്ലാം ഒഴിഞ്ഞ സാന്നിധ്യവുമുള്ള – അല്ലാഹുവിനെ കാണുന്നതുപോലെയുള്ള – ഒരവസ്ഥ നമസ്കാരത്തിൽ ഉണ്ടാക്കുക എന്നത് മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. നമസ്കാരത്തിൽ ഈ അവസ്ഥ ഉണ്ടാകാത്തിടത്തോളം അത് ന്യൂനതയിൽനിന്ന് മുക്തവുമല്ല. അതുകൊണ്ട് അല്ലാഹു പറഞ്ഞു: മുത്തഖികൾ നമസ്കാരം നിലനിറുത്തുന്നവരാണ്. വീഴാൻ പോകുന്നതിനെയാണ് പിടിച്ചുനിറുത്താറുള്ളത് *'യുഖീമുനസ്സ്വലാത്ത'* എന്നതിന്റെ അർഥം അവരെക്കൊണ്ടു കഴിയുന്നിടത്തോളം നമസ്കാരത്തെ നിലനിറുത്താൻ ശ്രമിക്കുക എന്നാണ്. വിഷമങ്ങൾ സഹിച്ചും കഠിനാധ്വാനത്തോടെയും അല്ലാഹുവിന്റെ മാർഗത്തിൽ പ്രവർത്തിക്കുക. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹമില്ലാതെ മനുഷ്യന്റെ പരിശ്രമങ്ങൾ നിഷ്ഫലമാണ്. അതുകൊണ്ട് ആദരവുടയനും കരുണാമയനുമായ അവൻ പറഞ്ഞു: *'ഹുദൻല്ലിൽ മുത്തഖീൻ'* അവരെക്കൊണ്ട് സാധിക്കുന്നിടത്തോളം തഖ്‌വയുടെ അഥവാ ഭയഭക്തിയുടെ മാർഗത്തിൽ നമസ്കാരം നിലനിറുത്താൻ അവർ പരിശ്രമിക്കട്ടെ. പിന്നീട് അവർ എന്റെ ഗ്രന്ഥത്തിൽ വിശ്വസിക്കുകയാണെങ്കിൽ അവരുടെ പരിശ്രമത്തിലും അധ്വാനത്തിലും മാത്രം ഞാനവരെ ഒതുക്കി നിറുത്തുകയില്ല. മറിച്ച് ഞാൻതന്നെ അവരെ സഹായിക്കും. അപ്പോൾ അവരുടെ നമസ്കാരത്തിന് മറ്റൊരു നിറം പകർന്നുകിട്ടുകയും അവരുടെ ഭാവനയിൽപോലും കാണാത്ത മറ്റൊരു അവസ്ഥ അവരിൽ സംജാതമാക്കുകയും ചെയ്യും. അവർ അല്ലാഹുവിന്റെ ഗ്രന്ഥമായ വിശുദ്ധഖുർആനിൽ വിശ്വസിക്കുകയും കഴിവിന്റെ പരമാവധി അതിലെ കല്പനകളനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തതുകൊണ്ടുമാത്രമാണ് ഈ അനുഗ്രഹം അവർക്കുണ്ടാകുന്നത്. ചുരുക്കത്തിൽ, മനുഷ്യന്റെ നയനം തന്റെ യഥാർഥ സുഹൃത്തായ അല്ലാഹുവിനെ ദർശിക്കുന്നതിനുവേണ്ടി തുറക്കപ്പെടാൻ സ്വതസിദ്ധമായ ആവേശവും വ്യക്തിഗതമായ സ്നേഹവും ഭയഭക്തിയും പൂർണമായ ഹൃദയസാന്നിധ്യവും കൈവരിക്കേണ്ടതുണ്ട്. അല്ലാഹുവിന്റെ സൗന്ദര്യം ദർശിക്കുന്നതിന്ആത്മീയാനന്ദം കൊണ്ട് അടിമുടി നിറഞ്ഞതും ദുഷ്ടതകളും സംസാരപരവും കർമപരവും ദൃശ്യപരവും ശ്രവണപരവുമായ പലവിധ പാപങ്ങളിൽനിന്ന് ഹൃദയത്തെ മാറ്റിനിറുത്തുന്നതുമായ അഭൗമികാവസ്ഥ പ്രാപിക്കണം. അ ല്ലാഹു പറഞ്ഞതുപോലെ *'ഇന്നൽ ഹസനാത്തി യുദ്ഹിബ്നു സ്സയ്യിആത്ത്'* തീർച്ചയായും സൽകർമങ്ങൾ ദുഷ്കർമങ്ങളെ അകറ്റിക്കളയുന്നു. (11:115)

ഇപ്രകാരംതന്നെ സാമ്പത്തിക ഇബാദത്ത് എത്രത്തോളം മനുഷ്യൻ തന്റെ പരിശ്രമത്താൽ ചെയ്യാൻ കഴിയുമോ അത് തന്റെ ഇഷ്ടപ്പെട്ട സ്വത്തുക്കളിൽനിന്ന് കുറച്ച് അല്ലാഹുവിന് കൊടുക്കുക എന്നതാണ്. *വ മിമ്മാ റസഖ്നാഹും യുൻഫിഖൂൻ* എന്ന് ഇതേ അധ്യായത്തിൽ അല്ലാഹു പറഞ്ഞതുപോലെ. മറ്റൊരു സ്ഥലത്ത് അല്ലാഹു പറഞ്ഞു: *ലൻ തനാലുൽ ബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ*(3:93) സാമ്പത്തിക ഇബാദത്ത് അഥവാ തന്റെ ഇഷ്ടപ്പെട്ട സ്വത്തുക്കളിൽനിന്ന് കുറച്ചു അല്ലാഹുവിന്റെ വഴിയിൽ കൊടുക്കുകയാണെങ്കിൽ അതുവലിയ മിടുക്കൊന്നുമല്ല. പൂർണമായും അല്ലഹുവിന് കൊടുത്ത് കൈകഴുകുക എന്നതാണ് യഥാർഥമിടുക്ക്; എന്തൊന്നാണോ അവന്റേതായിട്ടുള്ള അത് അവന്റേതല്ല പ്രത്യുത അല്ലാഹുവിന്റേതായിത്തീരുക; ജീവൻപോലും അല്ലാഹുവിന്റെ മാർഗത്തിൽ ത്യജിക്കാൻ തയ്യാറാവുക. കാരണം അതും *വ മിമ്മാ റസഖ്നാഹും യുൻഫിഖൂൻ* എന്നതിൽപെടുന്നു. *വ മിമ്മാ റസഖ്നാ* എന്നതുകൊണ്ടുള്ള അല്ലാഹുവിന്റെ ഉദ്ദേശ്യം കേവലം ദിർഹമും ദീനാറുമല്ല. പ്രത്യുത ഇത് വളരെ വിശാലമായ അർഥം ഉൾക്കൊള്ളുന്ന പദമാണ്. അതിൽ മനുഷ്യന് നല്കപ്പെട്ടിരിക്കുന്ന എല്ലാ അനുഗ്രഹങ്ങളും പെടുന്നു. (തുടരും)

(ഹഖീഖത്തുൽ വഹ്‌യ് റൂഹാനീ ഖസാഇൻ വാള്യം 22 പേജ് 133–140)

# അഹ്മദിയ്യാ ഫിഖ്ഹ്–10

(കഴിഞ്ഞ ലക്കം തുടർച്ച) രണ്ട് റക്അത്ത് നഫ്ൽ നമസ്കാരത്തെക്കുറിച്ചും ചില നിവേദനങ്ങളിൽ പറയുന്നുണ്ട്.

വിത്ർ നമസ്കാരം മൂന്നു റക്അത്താണ്. ഈ നമസ്കാരത്തിന്റെ സമയം ഇശായുടെ ഫർള് നമസ്കാരത്തിനുശേഷം ആരംഭിക്കുന്നു. സൂര്യോദയംവരെ നിലനില്ക്കുന്നു. രാത്രിയുടെ അവസാനയാമത്തിൽ എഴുന്നേറ്റു നമസ്കരിക്കാൻ കഴിയുകയില്ലെന്ന് തോന്നുന്നവർ ഇശാ നമസ്കാരത്തോടൊപ്പം വിത്ർ നമസ്കരിക്കുക. ഇശാ നമസ്കാരത്തിനുശേഷം ഉറങ്ങുകയും പിന്നീട് രാത്രിയുടെ അവസാനയാമത്തിൽ എഴുന്നേറ്റ് തഹജ്ജുദ് എട്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്യുന്നത് ധാരാളം അനുഗ്രഹങ്ങൾ ലഭിക്കാൻ നിമിത്തമാണ്. ഈ നമസ്കാരത്തിനാണ് തഹജ്ജുദ് നമസ്കാരം എന്നു പറയുന്നത്. തഹജ്ജുദിനുശേഷം സൂര്യോദയത്തിനു മുമ്പേ വിത്ർ നമസ്കരിക്കുക എന്നത് ഇശായോടൊപ്പം വിത്ർ നമസ്കരിക്കുന്നതിനെക്കാൾ ശ്രേഷ്ഠമാണ്. അതിന് കൂടുതൽ പ്രതിഫലം കിട്ടുന്നു. ഉറക്കമോ മറവിയോ കാരണം ഏതെങ്കിലും നമസ്കാരം നിശ്ചിതസമയത്ത് നമസ്കരിക്കാൻ സാധിക്കാതെ വന്നാൽ ഉണർന്നുടനെ അല്ലെങ്കിൽ ഓർമ വന്നുടനെ നമസ്കരിക്കേണ്ടതാകുന്നു.

രാപ്പകൽ 24 മണിക്കൂറിൽ അധികമുള്ള അസാധാരണ പ്രദേശങ്ങൾ അല്ലെങ്കിൽ രാപകൽ 24 മണിക്കൂറുള്ളതായ പ്രദേശങ്ങളുണ്ട്. പക്ഷേ, അവിടെ ഖുർആനിന്റേയും സുന്നത്തിന്റേയും അടിസ്ഥാനത്തിൽ നമസ്കാരങ്ങളുടെ പ്രസിദ്ധമായ 5 സമയങ്ങൾ നിർണയിക്കുക എന്നത് പ്രയാസമാണ്. ഉദാഹരണത്തിന് ഉത്തരധ്രുവത്തിലെ ചില പ്രദേശങ്ങളുണ്ട്. അവിടെ സൂര്യാസ്തമയത്തിന്റേയും സൂര്യോദയത്തിന്റേയും ഇടയിൽ വിവേചിക്കുക സാധ്യമല്ല. അതായത് ഇടയിൽ ഇരുട്ട് മറയായിരിക്കുന്നില്ല. അവിടെ നമസ്കാരസമയങ്ങൾ സമയം തിട്ടപ്പെടുത്തിയായിരിക്കും നിശ്ചയിക്കപ്പെടുന്നത്. സമയങ്ങൾ നിർണയിക്കുന്നതിന് സൂര്യൻ ഉദിക്കുന്നതിന്റേയും അസ്തമിക്കുന്നതിന്റേയും അടിസ്ഥാനത്തിൽ വ്യക്തമായ ലക്ഷണങ്ങൾ നോക്കേണ്ട ആവശ്യമില്ല. അത്തരം പ്രദേശങ്ങളിൽ നമസ്കാരങ്ങളുടെ സമയങ്ങൾ 24 മണിക്കൂറിനുള്ളിൽ അവയുടെ ഇടയ്ക്കുള്ള സമയം സമശീതോഷ്ണ മേഖലകളിലെ നമസ്കാര സമയങ്ങളുടെ ഇടയ്ക്കുള്ള സമയവ്യത്യാസമനുസരിച്ചായിരിക്കും നിശ്ചയിക്കപ്പെടുന്നത്. മൊത്തത്തിലുള്ള ജനങ്ങളുടെ സാമൂഹികമായ ശീലത്തിന്റെ അടിസ്ഥാനത്തിൽ ആ പ്രദേശങ്ങളിൽ ജോലിയുടെ സമയം സൂര്യനില്ലെങ്കിലും വേണ്ടില്ല പകലിന്റേയും വിശ്രമത്തിന്റേയും ഉറക്കത്തിന്റേയും സമയം സൂര്യൻ ആകാശത്തിൽ പ്രകാശിച്ചുകൊണ്ടിരിക്കുന്നെങ്കിലും രാത്രിയായി പരിഗണിക്കുന്നതാണ്.

ആദ്യനേരത്തുതന്നെ നമസ്കരിക്കുന്നതാണ് ശ്രേഷ്ഠം. എന്നാൽ, കാലത്തിന്റെ ഇമാമിന്റേയും കാലത്തിന്റെ ഖലീഫയുടെ തിരക്കുകൾ പരിഗണിച്ച് അല്ലെങ്കിൽ ജനങ്ങളുടെ സൗകര്യാർഥം നേരത്തേയോ താമസിച്ചോ നമസ്കരിക്കുന്നതിന് സമയം നിശ്ചയിച്ചാൽ അത് ഏറ്റവും ഉത്തമമായിരിക്കും. കാരണം ജമാഅത്തുപരമായ സുപ്രധാന ഉത്തരവാദിത്വങ്ങളുടെ അടിസ്ഥാനത്തിൽ ഏതുജോലിയാണ് മുന്തിക്കുന്നതിലും പിന്തിക്കുന്നതിലും ബർക്കത്തുള്ളതെന്ന് കാലത്തിന്റെ ഖലീഫ നല്ലവണ്ണം അറിയുന്നു. ഇപ്രകാരംതന്നെ ജമാഅത്തായിട്ടുള്ള നമസ്കാരത്തിന് സമയം നിശ്ചയിക്കുന്നതിൽ ഇക്കാര്യം പരിഗണിക്കേണ്ടതും കൃത്യമായ ശരീഅത്തനുസരിച്ചാണ്. അതായത് ജനങ്ങൾക്ക് സൗകര്യത്തോടും അധികമധികമായും ഏതുനേരത്താണ് വരാൻ കഴിയുന്നതെന്നും അങ്ങനെ ഏറ്റവും കൂടുതൽ ആളുകൾ ജമാഅത്തായ നമസ്കാരത്തിൽ പങ്കെടുത്ത് ഏറ്റവും കൂടുതൽ പ്രതിഫലം കരസ്ഥമാക്കുന്നതെന്നും നോക്കുക.

### നമസ്കാര സമയങ്ങളുടെ യുക്തി:

നമസ്കാരത്തിന്റെ യഥാർഥ ഉദ്ദേശ്യം എന്നു പറയുന്നത്, അല്പാല്പം ഇടവിട്ടതിനുശേഷം, ജീവിച്ചിരിക്കുന്നവനും എല്ലാറ്റിനേയും നിലനിറുത്തുന്നവനുമായ അല്ലാഹുവിന്റെ നാമം സ്മരിക്കുക എന്നതാണ്. കാരണം ഉഷ്ണകാലത്ത് ഇടവിട്ടിടവിട്ട് മനുഷ്യൻ ഒന്നോ രണ്ടോ കവിൾ വെള്ളം കുടിക്കാറുണ്ട്; തൊണ്ട വരളാതിരിക്കാനും അയാളുടെ ശരീരത്തിന് ഈർപം കിട്ടിക്കൊണ്ടിരിക്കാനും! ഇപ്രകാരം അവിശ്വാസത്തിന്റേയും വിശ്വാസത്തിന്റേയും നല്ല വിപണനത്തിൽ മനുഷ്യാത്മാവിന് മധുരവും ഹരിതാഭയും എത്തിക്കുന്നതിന് അല്ലാഹു ഇടവിട്ടിടവിട്ട് നമസ്കാരം നിശ്ചയിച്ചിരിക്കുന്നു; പാപത്തിന്റെ ചൂട് അവന്റെ ആത്മാവിനെ ഭസ്മമാക്കാതിരിക്കാനും വിഷലിപ്തമായ ചുറ്റുപാടുകൾ അവന്റെ ആത്മീയശക്തികളെ ബലഹീനമാക്കാതിരിക്കാനും സന്താപാവസരത്തിലും സന്തോഷാവേളകളിലും എല്ലാ അവസ്ഥയിലും മനുഷ്യന് നമസ്കാരം മുഖേന അല്ലാഹുവിലേക്ക് ശ്രദ്ധ തിരിക്കാനുള്ള അവസരം കിട്ടുന്നതിനും വേണ്ടി. ഭൗതികതയുടെ വഞ്ചനാദൃഷ്ടിയും സൗന്ദര്യവും അവനെ തന്നിലേക്ക് വലിച്ചടുപ്പിക്കുമ്പോൾ നമസ്കാരത്തിന്റെ സഹായത്താൽ അവൻ അല്ലാഹുവിലേക്ക് കുനിയുന്നു. നമസ്കരിക്കുന്നതിന് സമയം നിശ്ചയിക്കപ്പെടുന്നതുകൊണ്ട് സംഘടിതശക്തിയുടെ ആത്മാവിനെ ജീവിപ്പിച്ചുനിറുത്തുന്നതിന് അവസരം ലഭിക്കുന്നു. ഇപ്രകാരം ജനങ്ങൾക്ക് എളുപ്പത്തിൽ സംഘടിക്കാൻ കഴിയും. ഇതുപോലെതന്നെ സമയം നിശ്ചയിക്കുക എന്നത് മനുഷ്യന്റെ ഇഷ്ടത്തിനു വിടാത്തതിലുള്ള യുക്തി, മനുഷ്യന് കൃത്യസമയത്ത് നമസ്കരിക്കാനുള്ള ചിന്ത ഉണ്ടാകണമെന്നതാണ്. അവന്റെ ഉത്തരവാദിത്വബോധം ഉണരണം. സമയം നിർണയിക്കുക എന്നത് മനുഷ്യന് സ്വയം അനുവദിക്കുകയാണെങ്കിൽ സമയനിഷ്ഠയുടെ പ്രാധാന്യം നഷ്ടപ്പെട്ടുപോകുമായിരുന്നു; അതിൽ അലസത ഉണ്ടാകാൻ തുടങ്ങുമായിരുന്നു.

2. കാരണം മാനസികാവസ്ഥകൾ മാറിമറിഞ്ഞുകൊണ്ടിരിക്കും. അതുകൊണ്ട് ഒരേയൊരു സമയത്ത് അധികനേരംവരെ ആരാധനയിൽ മുഴുകുന്നതിനു പകരം വിവിധ നേരങ്ങളിൽ ആരാധനയ്ക്ക് കല്പന നല്കപ്പെട്ടിരിക്കുന്നു. കാരണം ദീർഘനേരത്ത് കൂടുതൽ സമയംവരെ ശ്രദ്ധയോടെ നില്ക്കുക എന്നത് പ്രയാസമായിത്തീരുന്നു. അതുമുഖേന മനം മടുക്കുന്നു. എന്നാൽ, അതിനു വിപരീതമായി ചുരുങ്ങിയ സമയമാണെങ്കിൽ, ഇടവിട്ടിടവിട്ടാണെങ്കിൽ പലപ്രാവശ്യം ആരാധന നിർവഹിക്കാൻ അവസരം കിട്ടുമ്പോൾ പ്രസന്നത നിലനില്ക്കുന്നതാണ്. ആരാധന സുഗമമായിത്തീരുന്നതാണ്. ദാസത്വത്തിന്റെ പ്രകടനത്തിനും ആവർത്തിച്ചാവർത്തിച്ച് അവസരം ലഭിക്കുന്നു. അതിന്റെ ഓർമ മനസ്സിൽ പുതുമയോടെ നിലകൊള്ളുന്നു.

(– പേജ് 1ൽ നിന്ന്)

ണക്കിലുള്ള മുസ്ലിംകൾ യഹൂദീസ്വഭാവക്കാരായി തീരുമെന്നുള്ളത് മുസ്ലിംകളുടെ വിശ്വാസത്തിൽപെട്ട കാര്യമാണ്. വിശുദ്ധഖുർആനിൽ പല സ്ഥലങ്ങളിലും ഈ പ്രവചനമുണ്ടുതാനും. നൂറുക്കണക്കിന് മുസ്ലിംകൾ ക്രിസ്തീയരായിത്തീരുകയും അല്ലെങ്കിൽ ക്രിസ്ത്യാനികളെപ്പോലെ ഒരു നിയന്ത്രണവുമില്ലാത്ത സ്വതന്ത്രജീവിതം നയിക്കുകയും ചെയ്യുന്നത് കണ്ടുവരുന്നു. എന്നുമാത്രമല്ല മുസ്ലിംകളെന്നു പറയപ്പെടുന്ന ധാരാളമാളുകൾ ക്രിസ്ത്യാനികളുടെ സാമൂഹികജീവിതം ഇഷ്ടപ്പെടുന്നവരാണ്. മുസ്ലിംകളാണെന്ന് പറഞ്ഞുകൊണ്ടുതന്നെ നമസ്കാരം, നോമ്പ് മറ്റു വിധിവിലക്കുകൾ എന്നിവയെ വലിയവെറുപ്പോടെ നോക്കുന്നവരുമുണ്ട്. ഈ രണ്ട് കക്ഷികളും–യഹൂദി സ്വഭാവക്കാരും ക്രിസ്ത്യൻ സ്വഭാവക്കാരും ഈ രാജ്യത്ത് വ്യാപിച്ചിരിക്കുന്നത് കാണുന്നു. ഫാത്തിഹ അധ്യായത്തിലുള്ള ഈ രണ്ട് പ്രവചനങ്ങളും പൂർത്തിയായത് നിങ്ങൾ കണ്ടുകഴിഞ്ഞിരിക്കുന്നു. എത്രകണ്ട് മുസ്ലിംകൾ യഹൂദസ്വഭാവക്കാരാണെന്നും എത്രകണ്ട് മുസ്ലിംകൾ ക്രിസ്ത്യാനികളുടെ വസ്ത്രത്തിലുള്ളവരാണെന്നും നിങ്ങൾ സ്വന്തം കണ്ണുകൊണ്ട് ദർശിച്ചുകഴിഞ്ഞിട്ടുള്ളവരാണ്.'(കശ്തിയെ നൂഹ് വാള്യം 19 പേജ് 45–47)

**നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

## ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം
അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)

## ഹദീസുന്നബ്വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)

# സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലായുടെ 2016-ലെ ഡന്മാർക്ക് പര്യടനം.

❋വഖ്ഫെആർസി ആദ്യം താങ്കളുടെ ആമിലായിൽനിന്നു തുടങ്ങുക. പിന്നീട് മറ്റുള്ളവരെ വഖ്ഫെആർസി ചെയ്യാൻ പ്രേരിപ്പിക്കുക. ❋പതിവായി നമസ്കരിക്കുന്നുണ്ടോ എന്നും വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നുണ്ടോ എന്നും എം.ടി.എയുമായി ബന്ധമുണ്ടോ എന്നുമുള്ള കാര്യം ശ്രദ്ധിക്കുക. എല്ലാവരേയും എം.ടി.എയുമായി ബന്ധിപ്പിക്കുക. സ്നേഹത്തോടെ അവരെ അടുത്തുകൊണ്ടുവരിക. ❋ മസ്ജിദിലും ജമാഅത്തിന്റെ സെന്ററുകളിലും വന്നുംപോയുമിരിക്കുന്നതിനും ജമാഅത്തിലെ ആളുകൾ ആക്ടീവായിരിക്കുന്നതിനുമുള്ള പരിപാടികളുണ്ടാക്കുക. ❋ സ്കൈപ്പ് മുഖേന വിശുദ്ധഖുർആൻ പഠിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുക. ❋അൻസ്വാറിന് വിശുദ്ധഖുർആൻ പാരായണം ചെയ്യാൻ അറിയുമോ എന്ന് പരിശോധിക്കുക. എന്നിട്ട് വിശുദ്ധഖുർആൻ പഠിപ്പിക്കുന്നതിനുള്ള പരിപാടി തയ്യാറാക്കുക. ആമില ഏതു പരിപാടി തയ്യാറാക്കുകയാണെങ്കിലും എപ്പോഴും ആദ്യ സംബോധിതരായി തങ്ങളെ മനസ്സിലാക്കേണ്ടതാണ്. എന്റെ ഓരോ ഖുത്‌ബയുടേയും ആദ്യസംബോധിതർ തങ്ങളാണെന്ന് മനസ്സിലാക്കുക. അതിനുശേഷം മറ്റുള്ളവരെക്കൊണ്ട് പ്രവർത്തിപ്പിക്കുക. ❋ നിങ്ങളുടെ സ്വന്തം പരാതികളെ നിങ്ങളുടെ മതത്തിനുമേൽ വലയം ചെയ്യാൻ വിടരുത്. നിങ്ങളുടെ പരാതി നിങ്ങളിൽ മാത്രം ഒതുക്കിനിറുത്തുക. ചുറ്റും പരത്താതിരിക്കുക. സ്വന്തം വീടുകളിൽ ചർച്ച ചെയ്യാതിരിക്കുക. ❋നിസാമിനെതിരിൽ ഒരു കാര്യം ചെയ്യാതിരിക്കുക. ദുആ ചെയ്യുകയും നിങ്ങളുടെ പ്രയാസങ്ങൾ ദൂരീകരിക്കാൻ അല്ലാഹുവിനോടു സഹായം തേടുകയും ചെയ്യുക. ❋ എം.ടി.എയിൽ എന്റെ ഖുത്‌ബകളുമായി നിങ്ങളുടെ കുട്ടികളെ ബന്ധപ്പെടുത്തുക. നിങ്ങളുടെ വീടുകളിൽ നിങ്ങളുടെ കുട്ടികളെ എം.ടി.എയുമായി ബന്ധപ്പെടുത്തേണ്ടത് വളരെ നിർബന്ധമാണ്.

## അൻസ്വാറുല്ലാ ഡന്മാർക്ക് നാഷണൽ മജ്‌ലിസെ ആമില അംഗങ്ങൾക്ക് ഹുദൂർ അൻവറിന്റെ നിർദേശങ്ങളും ഉപദേശങ്ങളും:

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

### 2016 മെയ് 7 (ശനിയാഴ്ച)

(തുടർച്ച...) ഹുദൂർ പറഞ്ഞു: "നിങ്ങൾ രാത്രിയിൽ എഴുന്നേല്ക്കുക. നിങ്ങളുടെ മക്കൾക്കുവേണ്ടി ദുആകൾ ചെയ്യുക. കുട്ടിയ്ക്ക് സുഖമില്ലാതാകുമ്പോൾ നിങ്ങൾ അവനുവേണ്ടി സുജൂദുകളിൽ പിടച്ച് പിടച്ച് ദുആ ചെയ്യുന്നു. പക്ഷേ, നിങ്ങളുടെ മകൻ ആത്മീയരോഗിയാണെങ്കിൽ നിങ്ങൾ നിങ്ങളുടെ സുജൂദുകളിൽ അവനുവേണ്ടി അസ്വസ്ഥതയോടെ ദുആ ചെയ്യാറുണ്ടോ? നിങ്ങൾ ചെയ്യുകയാണെങ്കിൽ അല്ലാഹു മാതാപിതാക്കളുടെ ദുആകൾ നിങ്ങളുടെ കുട്ടിയ്ക്കുവേണ്ടി സ്വീകരിക്കുന്നതാണ്. അതുകൊണ്ട് നിങ്ങളുടെ മക്കൾക്കുവേണ്ടി ദുആ ചെയ്യുക."

ഹുദൂർ പറഞ്ഞു: "ഏതെങ്കിലും ഭാരവാഹി ജമാഅത്തിനും വ്യവസ്ഥിതിക്കും ദോഷമാണെങ്കിൽ, അല്ലാഹുവിന്റെ ജമാഅത്തിനോടുള്ള പെരുമാറ്റം, 'അവനെ ഒഴിവാക്കുന്ന ഒരു സമയം വരുന്നു' എന്നതാണ്. അല്ലാഹു വ്യവസ്ഥിതിയെ സംരക്ഷിക്കുന്നു. അല്ലാഹുവാണ് ജമാഅത്ത് സ്ഥാപിച്ചിട്ടുള്ളതെങ്കിൽ അവൻ അതിനെ കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു."

ഹുദൂർ പറഞ്ഞു: "നമ്മളെല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടതാണ്, നിങ്ങളും അൻസ്വാറും, ഖുദ്ദാമും ജമാഅത്തുവ്യവസ്ഥിതിയും എല്ലാവരും കൂടിച്ചേർന്ന് പ്രവർത്തിക്കേണ്ടതാണ്. എല്ലാവരും കൂടിചേർന്ന് പണിയെടുത്താൽ ജമാഅത്ത് അതിവേഗം അഭിവൃദ്ധിപ്പെടുന്നതായിരിക്കും. അല്ലാഹു നിങ്ങൾക്കിതിന് തൗഫീഖ് നല്കുമാറാകട്ടെ."

അൻസ്വാറുല്ലാഹ് നാഷണൽ ആമിലായുടെ ഹുദൂറുമായുള്ള ഈ മീറ്റിംഗ് 8.25 വരെ നീണ്ടുനിന്നു. അവസാനം മജ്‌ലിസെ ആമിലാ അംഗങ്ങൾ ഹുദൂറുമൊത്തു ഫോട്ടോയെടുക്കാനുള്ള ഭാഗ്യവും കരസ്ഥമാക്കി.

അതിനുശേഷം ഹുദൂർ നുസ്റത്ത് ജഹാൻ മസ്ജിദിലെത്തി മഗ്‌രിബ്-ഇശാ ജംഅ്ആക്കി നമസ്കരിപ്പിച്ചു. നമസ്കാരങ്ങൾക്കുശേഷം ഹുദൂർ താമസസ്ഥലത്തേക്കുപോയി.

### 2016 മെയ് 8 (ഞായറാഴ്ച)

വെളുപ്പിന് 4.30ന് ഹുദൂർ മസ്ജിദ് നുസ്റത്ത് ജഹാനിലെത്തി സുബ്ഹി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ താമസസ്ഥലത്തേക്ക് പോയി. രാവിലെ ഹുദൂർ കത്തുകളും റിപ്പോർട്ടുകളും വായിച്ചു. കത്തുകളിലും റിപ്പോർട്ടറുകളിലും നിർദ്ദേശങ്ങളെഴുതി. ഓഫീസു സംബന്ധമായ വിവിധ കാര്യങ്ങളിൽ വ്യാപൃതനായി.

**കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച**

പരിപാടിയനുസരിച്ച് രാവിലെ 11 മണിക്ക് ഹുദൂർ ഓഫീസിലെത്തി. കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചാപരിപാടി ആരംഭിച്ചു. ഇന്ന് രാവിലത്തെ സെഷനിൽ 25 കുടുംബങ്ങളിലെ 94 പേരാണ് കൂടിക്കാഴ്ച നടത്തിയത്. ഹുദൂർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനകളും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നല്കി അനുഗ്രഹിച്ചു.

ഓരോ ഫാമിലിയും ഹുദൂർമൊത്ത് ഫോട്ടോയുമെടുത്തു. കൂടിക്കാഴ്ച നടത്തിയ ഈ കുടുംബങ്ങൾ ഡന്മാർക്കിലെ താഴെ കാണുന്ന സ്ഥലങ്ങളിൽനിന്ന് വന്നവരായിരുന്നു.

Albertslund, Copenhagen, Haslev, Hivdoure, Odense, Amager, Broendby North, Nakskov, Sealand.

ഇതിനുപുറമെ നോർവേയിൽനിന്ന് വന്ന സഹോദരന്മാരും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഇന്ന് കൂടിക്കാഴ്ച നടത്തിയവരിൽ ഡന്മാർക്ക് ജമാഅത്തിലെ Nakskovൽ താമസിക്കുന്ന Kosovo രാജ്യത്തെ അഹ്മദീ കുടുംബങ്ങളും വന്നിരുന്നു.

ആത്മാർഥനായ ഒരു അഹ്മദി സുഹൃത്ത് ആദം ജോസി സാഹിബ് (Adem Xhuzi)കൂടിക്കാഴ്ചയ്ക്കു ശേഷം പറഞ്ഞു:'ഞാൻ അല്ലാഹുവിന് നന്ദി പറയുകയാണ്. അഞ്ചു വർഷത്തിനുശേഷം ഹുദൂറുമായി കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യം കിട്ടി. ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയതിനുശേഷം ഞങ്ങളിൽ പുതിയൊരു ഈമാൻ ഉണ്ടായതായി അനുഭവപ്പെട്ടു. ഹുദൂറിനെ കണ്ട് അല്ലാഹുവിനോടും, നബി(സ)തിരുമേനിയോടും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടും ഖിലാഫത്തിനോടും സ്നേഹത്തിൽ ഒരു പ്രത്യേക വർധനയും അഭിവൃദ്ധിയുമുണ്ടായിട്ടുള്ളതായി തോന്നി. ഞങ്ങൾക്ക് ഈ കൂടിക്കാഴ്ച ജീവിതത്തിലെ സുപ്രധാനമായൊരു ഖജനാവാണ്. ഞാൻ അതിനെ എന്റെ ജീവിതത്തിന് ഒരു വലിയ സൗഭാഗ്യമായി മനസ്സിലാക്കുന്നു.

അദ്ദേഹം 1993 ലാണ് അഹ്മദിയ്യത്ത് സ്വീകരിച്ചത്. അന്നുമുതൽ ഖിലാഫത്തിനോടു അനുസരണത്തിന്റേയും സ്നേഹത്തിന്റേയും ബന്ധമാണുള്ളത്.

അതേ ജമാഅത്തിലുള്ള ഒരു സ്നേഹിതൻ റമളാൻ സനുല്ലാരി സാഹിബ് 175 കിലോമീറ്റർ ദൂരം താണ്ടിയാണ് കൂടിക്കാഴ്ചയ്ക്കു വന്നത്. കൂടിക്കാഴ്ചയ്ക്കു ശേഷം പറഞ്ഞു: ഹുദൂറുമായി കൂടിക്കാഴ്ച നടത്തി എനിക്കെത്രമാത്രം സന്തോഷമുണ്ടായെന്നാൽ, അതെനിക്ക് വാക്കുകളിലൂടെ പ്രതിഫലിപ്പിക്കാൻ പറ്റുകയില്ല.ഞങ്ങളുടെ ജീവിതംതന്നെ മാറിപ്പോയി. എന്റെ മകൻ Ehad Sanullari കുറച്ചു മാസം മുമ്പേ ഹുദൂറുമായി കൂടിക്കാഴ്ച നടത്തുന്നതിന് അത്ഫാലുൽ അഹ്മദിയ്യാ സംഘത്തോടൊപ്പം ലണ്ടനിൽ പോകുകയും ഹുദൂറുമായി കൂടിക്കാഴ്ച ന

### കലാമുൽ ഇമാം:-

"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്."
(മൽഫൂദാത്ത്, വാല്യം 5, പേജ് 121)

**ത്വാലിബെ ദുആ:**
കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

### കലാമുൽ ഇമാം:-

"ഇസ്‌ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാല്യം 4, പേജ് 344).

**ത്വാലിബെ ദുആ:**
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

ടത്തുകയും ചെയ്തിരുന്നു. ഹുദൂർ അവനെ ഓർക്കുകയും അതു എന്നോടു പറയുകയും ചെയ്തപ്പോൾ എനിക്ക് അത്യധികം സന്തോഷമുണ്ടായി.'

കൊസോവോയിലെ ഒരു സ്നേഹിതൻ മുഹറം ഖുൻജി (Muharem Qungiji) സാഹിബ് തന്റെ ഭാര്യ, മകൾ, ജാമാതാവ്, രണ്ട് ദൗഹിത്രികളോടൊപ്പം ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ വന്നിരുന്നു. കൂടിക്കാഴ്ചയ്ക്കു മുമ്പേ, അദ്ദേഹം പറഞ്ഞു: 'ഹുദൂർ ഡന്മാർക്കിൽ വന്നതോടെ കാലാവസ്ഥ വളരെ നന്നായി. ഇതും കാലത്തിന്റെ ഖലീഫയുടെ ആഗമനത്തിന്റെ അനുഗ്രഹങ്ങളിൽ ഒരു അനുഗ്രഹമാണ്.'

കൂടിക്കാഴ്ചയ്ക്കുശേഷം പറഞ്ഞു: 'കാലത്തിന്റെ ഖലീഫയുമായി കൂടിക്കാഴ്ച നടത്താൻ ആളുകൾ വർഷങ്ങളായി കാത്തിരിക്കുന്നു. ചിലർക്ക് ദീർഘകാലംവരെ അതിന് അവസരം ലഭിക്കാറില്ല. എന്റെ കുടുംബം എത്രമാത്രം ഭാഗ്യരാണ്. ഞങ്ങൾക്ക് വെറും അഞ്ചുവർഷത്തിനുശേഷം കാലത്തിന്റെ ഖലീഫയുമായി കൂടിക്കാഴ്ചയ്ക്കുള്ള അവസരം അല്ലാഹു നല്കി. ഞങ്ങൾ ഇതിൽ എത്രമാത്രം അല്ലാഹുവിന് നന്ദി പറഞ്ഞാലും അത് കുറവായിരിക്കും. ഹുദൂർ അൻവർ വളരെ സ്നേഹത്തോടെ ഞങ്ങളുമായി സംസാരിച്ചു. കുട്ടികൾക്ക് തന്റെ അനുഗൃഹീത കരങ്ങളാൽ പേനകൾ നല്കി.' കൂടിക്കാഴ്ചയുടെ ഈ പ്രോഗ്രാം 1.15 വരെ തുടർന്നു.

**ഡന്മാർക്ക് നാഷണൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആമില അംഗങ്ങളുമായി ഹുദൂറിന്റെ മീറ്റിംഗ്:**

അതിനുശേഷം പരിപാടിയനുസരിച്ച് ഹുദൂർ അയ്യദഹുല്ലാഹ് ലൈബ്രറി ഹാളിലെത്തി. അവിടെ നാഷണൽ മജ്‌ലിസെ ആമില ഖുദ്ദാമുൽ അഹ്മദിയ്യായുമായി ഹുദൂറുമായുള്ള മീറ്റിംഗ് ആരംഭിച്ചു.

ഹൂദൂർ ദുആ ചെയ്യിച്ചു. ഹുദൂർ മുഅ്തമിദിനോടു ചോദിച്ചു: ഖുദ്ദാമുൽ അഹ്മദിയ്യായുടെ എത്ര മജ്‌ലിസുകളാണ് ഇവിടെയുള്ളത്? നാലു മജ്‌ലിസുണ്ടെന്നും അവരിൽനിന്ന് റിപ്പോർട്ട് കിട്ടുന്നുണ്ടെന്നും സെക്രട്ടറി സാഹിബ് പറഞ്ഞു.

ഹുദൂർ മുഹതമിം വഖാറെ അമലിനോട് അദ്ദേഹത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് അന്വേഷിച്ചു. അദ്ദേഹം പറഞ്ഞു: ഞങ്ങൾ പതിവായി മസ്ജിദ് വൃത്തിയാക്കുന്നു. പുതുവത്സരാരംഭത്തിൽ നഗരശുദ്ധീകരണം നടത്തുന്നു. ഈ മസ്ജിദിന്റെ നിർമാണവേളകളിലും ധാരാളം വഖാറെ അമൽ ചെയ്യുകയുണ്ടായി.

മുഹതമിം ഖിദ്മത്തെ ഖൽഖ് തന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ടു പറഞ്ഞു: ഈ വർഷം ഞങ്ങൾ പട്ടണത്തിൽ രണ്ടുപ്രാവശ്യം Food Camp സംഘടിപ്പിച്ചു. ഇതിനു പുറമെ കാൻസർ രോഗികളായ കുട്ടികളുടെ കുടുംബങ്ങൾക്ക് ഒരു ഓർഗനൈസേഷനുമായി ചേർന്ന് ഫണ്ടുകൾ സംഘടിപ്പിച്ചുകൊടുത്തു. മുസ്‌ലിം ഫോർ പീസിന്റെ കീഴിലാണ് ഞങ്ങൾ ഈ പ്രോഗ്രാം സംഘടിപ്പിച്ചത്. ഒരു ലക്ഷത്തി ഇരുപത്തിയാറായിരം ക്രോണയുടെ ഫണ്ടാണ് സ്വരൂപിച്ചത്.

മുഹാസിബ് തന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ടു പറഞ്ഞു. ഇതുവരെയുള്ള ഞങ്ങളുടെ കണക്കുകളെല്ലാം പൂർണമാണ്. എല്ലാ കണക്കുകളും ഓഡിറ്റ് ചെയ്യാറുണ്ട്.

മുഹതമിം സിഹ്ഹത്തെ ജിസ്മാനിയോടു ഹുദൂർ റിപ്പോർട്ട് ചോദിച്ചു. അദ്ദേഹം പറഞ്ഞു: ഞങ്ങൾ സ്പോർട്സ് നടത്താൻ ഹാളിനുവേണ്ടി ശ്രമിക്കുകയാണ്. അപ്പോൾ ഹുദൂർ പറഞ്ഞു: ഏതൊരു ഹാളാണോ നിങ്ങൾ ഉണ്ടാക്കുന്നത് അതിൽതന്നെ സ്പോർട്സ് നടത്തുക. ഇല്ലെങ്കിൽ ലജ്നയ്ക്ക് ഉണ്ടാക്കികൊടുക്കുക.

മുഹതമിം തർബിയ്യത്തിനോടു ഹുദൂർ അദ്ദേഹത്തിന്റെ വകുപ്പിന്റെ പദ്ധതിയെ കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. ഹുദൂർ അൻവറിന്റെ ഖുത്ബകളുടെ സംഗ്രഹം എം.ടി.എയിലൂടെ ഖുദ്ദാമിന് അയച്ചുകൊടുക്കുന്നു. ഗ്രൂപ്പ് തലത്തിലാണ് അയച്ചുകൊടുക്കുന്നത്. അപ്പോൾ ഹുദൂർ പറഞ്ഞു: ആമിലായിലെ അംഗങ്ങൾ മാത്രമാണോ ഗ്രൂപ്പിലുള്ളത് അതോ എല്ലാ ഖാദിമും ഗ്രൂപ്പിലുണ്ടോ.


ഹുദൂർ അൻവർ പറഞ്ഞു: നിങ്ങളുടെ ഗ്രൂപ്പിൽ എല്ലാ ഖാദിംകളേയും ഉൾപ്പെടുത്തുക. എല്ലാവർക്കും അയച്ചുകൊടുക്കുക. കുറഞ്ഞപക്ഷം എല്ലാ ഖാദിമും ഖുത്ബ കേൾക്കേണ്ടതാണ്. ഖുത്ബ കേൾക്കുന്ന ശീലമുണ്ടാക്കേണ്ടതാണ്.

ഹുദൂർ പറഞ്ഞു: "ഇവിടത്തെ ഖുത്ബ കടുപ്പമാണെന്നും അടി കിട്ടുന്നുവെന്നും ചിലർക്ക് പരാതിയുണ്ട്. എന്റെ ഖുത്ബയിൽ അടികൊള്ളേണ്ടി വരികയില്ല. എന്റെ ഖുത്ബ കേൾക്കുക. ഇവിടത്തെ ഖുത്ബ സഹിക്കുക."

ഹുദൂർ പറഞ്ഞു: "അഞ്ചുനേര നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്ന എത്ര പേർ നിങ്ങളുടെ ആമിലായിലുണ്ടെന്ന് പരിശോധിക്കുക. ഹുദൂർ ആമില അംഗങ്ങളോടു ചോദിച്ചു: ഇന്ന് ആരെല്ലാമാണ് സുബ്ഹി നമസ്കരിച്ചത്? അപ്പോൾ ആമില അംഗങ്ങൾ കൈകളുയർത്തി. തങ്ങൾ അപ്പോൾ ഡ്യൂട്ടിയിലായിരുന്നുവെന്ന് ചിലർ പറഞ്ഞു. അപ്പോൾ ഹുദൂർ പറഞ്ഞു: ജമാഅത്തായി നമസ്കരിക്കണമെന്നതായിരുന്നോ നിങ്ങളുടെ നിയ്യത്ത്. ഇന്നമൽ അഅ്മാലു ബിനിയ്യാത്ത് എന്ന് ഹദീഥിൽ വന്നിരിക്കുന്നു. കർമങ്ങളുടെ പ്രതിഫലം നിയ്യത്തുകളിലാണ്. അതുകൊണ്ട് എപ്പോഴും അല്ലാഹുവിനെ മുന്നിൽവച്ചുകൊണ്ട് എല്ലാ ജോലികളും ചെയ്യുക.

ഒരാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചോദിച്ചു. എന്താണ് ചെയ്യേണ്ടതെന്നും ചെയ്യാൻ പാടില്ലാത്തതെന്താണെന്നും എനിക്ക് പറഞ്ഞുതന്നാലും! അവിടന്ന് പറഞ്ഞു: 'അല്ലാഹുവിനെ ഭയപ്പെടുകയും എല്ലാം ചെയ്യുകയും ചെയ്യുക. അല്ലാഹുവിനോടു ഭയമുണ്ടാകുമ്പോൾ അല്ലാഹു ആഗ്രഹിക്കുന്നതേ മനുഷ്യൻ ചെയ്യുകയുള്ളൂ.(തുടരും)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community




മതപണ്ഡിതനായിരുന്ന സർ സയ്യിദ് അഹ്മദ് ഖാന്റെ വിശ്വാസം ദു:ആ അഥവാ പ്രാർഥന കേവലം ആരാധനയാണെന്നും അതു മുഖേന യാതൊരു മാറ്റവും ഉണ്ടാകില്ലെന്നുമായിരുന്നു. ഇത്തരത്തിലുള്ള അബദ്ധധാരണകളെ തിരുത്തികൊണ്ടും പ്രാർഥനയുടെ യാഥാർഥ്യത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനും വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനി(അ) രചിച്ച പ്രബന്ധമാണ് ബർക്കാത്തുദ്ദു:ആ എന്ന ഈ ലഘുലേഖ. ഇതു മുഖേന അദ്ദേഹം മുസ്‌ലിംകളിൽ വളർന്നുകൊണ്ടിരിക്കുന്ന നിരീശ്വരത്വ വിശ്വാസത്തെ തിരുത്തുകയും ദൈവാസ്തിക്യത്തിനുള്ള തെളിവ് (എന്നെ വിളിച്ചു പ്രാർഥിക്കുവിൻ,ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം) (40:61) എന്ന ദൈവികാധ്യാപനത്തിന്റെ വെളിച്ചത്തിൽ തന്റെ കർമജീവിതത്തിലൂടെ സമർപ്പിക്കുകയും ചെയ്തു. മാത്രമല്ല സർ സയ്യിദ് അഹ്മദ് ഖാന്റെ അബദ്ധ വിശ്വാസങ്ങളെ തെളിവുകളുടെ അടിസ്ഥാനത്തിൽ തെറ്റാണെന്ന് സമർഥിക്കുകയും ചെയ്യുന്നു.

ഹദ്റത്ത് അഹ്മദ്(അ) ദു:ആയുടെ പ്രാധാന്യം, പ്രയോജനം, യാഥാർഥ്യം എന്നിവ വിശദീകരിച്ചുകൊണ്ട് ദൈവാസ്തിക്യം തെളിയിക്കുകയും അസാധ്യമെന്ന് കരുതപ്പെടുന്ന കാര്യങ്ങൾ ദൈവം തന്റെ ഭക്തദാസന്മാരുടെ പ്രാർഥന മുഖേന അത്ഭുതകരമായ രീതിയിൽ സാധ്യമാക്കി കാണിക്കുമെന്നും ഈ പുസ്തകത്തിൽ വിശദീകരിക്കുന്നു.

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്)യുടെ അനുവാദത്തോടെ ഹദ്റത്ത് അഹ്മദ്(അ)ന്റെ ബർക്കാത്തുദ്ദുആ എന്ന ഈ പ്രോജ്ജ്വലപ്രബന്ധം മലയാളത്തിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിരിക്കുകയാണ്. ഈ ഗ്രന്ഥം ഇസ്‌ലാം ഇന്റർനാഷണൽ കേരളയുടെ കണ്ണൂർ, കോഴിക്കോട് ഡിപ്പോകളിൽ ലഭ്യമാണ്

☆☆☆☆

## അല്ലാഹുവിന്റെ കലാം

***മാലക്കും മ്മിൻദൂനില്ലാഹി മിൻ വ്വലിയ്യിൻ വ്വലാ നസ്വീർ(2:108)***

**"അല്ലാഹു അല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലെന്ന് നിങ്ങൾ അറിഞ്ഞിട്ടില്ലേ?"**

**ത്വാലിബെ ദുആ**
പി.പി.റഹീമും കുടുംബവും
അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പഴയങ്ങാടി (കേരള)

**"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)**

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം– 689 695. Phone: 9744653179.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 20 September 2018 Issue-38

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

**ഞാൻ അയർലൻഡിലെ എല്ലാ ജമാഅത്തംഗങ്ങളേയും ആത്മാർഥതയോടും കൂറോടുംകൂടി അഹ്മദിയ്യാ ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കണമെന്ന കാര്യത്തിലേക്ക് വിളിക്കുകയാണ്.**

**ഏറ്റവും കൂടുതൽ എം.ടി.എ കാണുക. പ്രത്യേകിച്ചും എന്റെ ഖുത്ബകൾ ശ്രദ്ധാപൂർവം കേൾക്കുക. അവ മനസ്സിലാക്കുകയും എന്റെ നിർദേശങ്ങളും ഉപദേശങ്ങളുമനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും ചെയ്യുക.**

**ഇസ്‌ലാമിനെതിരെയുള്ള തെറ്റായ ധാരണകൾ അകറ്റുന്നതിന് നിങ്ങൾ പുതിയ വഴികൾ കണ്ടെത്തേണ്ടതാണ്. ഐറിഷ് ജനതയിൽ ഈ സമാധാനഭരിതമായ സന്ദേശം പ്രചരിപ്പിക്കുന്നതിന് നിരന്തരം പരിശ്രമിക്കേണ്ടതാണ്.**

**അയർലൻഡിൽ 2018 ജൂലായ് ഒന്ന് ഞായറാഴ്ച സംഘടിപ്പിച്ച അയർലൻഡ് അഹ്മദിയ്യാ ജമാഅത്ത് ജൽസാസാലാനയുടെ അവസരത്തിൽ**

# അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹിന്റെ പ്രത്യേക സന്ദേശം

**അല്ലാഹുവിന്റെ കൃപയാൽ അയർലൻഡ് അഹ്മദിയ്യാ ജമാഅത്തിന് 2018 ജൂലായ് ഒന്ന് ഞായറാഴ്ച 17–ാമത് ജൽസസാലാന Mynooth സംസ്ഥാനത്തിലെ ഏഹലി Royal Hotel ൽ സംഘടിപ്പിക്കാൻ സൗഭാഗ്യം ലഭിച്ചു. ജൽസസാലാനയുടെ തയ്യാറെടുപ്പുകൾ മൂന്നുമാസം മുമ്പേ തുടങ്ങിക്കഴിഞ്ഞിരുന്നു. ഹുദൂർ അയ്യദഹുല്ലാഹ് ജമാഅത്തിന്റെ മുറബ്ബി അസീസ് ബിലാൽ അഹ്മദ് (സ്റ്റാഫ്, ദഫ്ത്തർ വക്കാലത്തെ തബ്ശീർ ലണ്ടൻ)സാഹിബിന് കേന്ദ്ര പ്രതിനിധി എന്ന നിലയിൽ ജൽസയിൽ പങ്കെടുക്കാൻ അനുവാദം നല്കിയിരുന്നു. ജൽസയ്ക്കുവേണ്ടി പ്രത്യേക സന്ദേശവും അയച്ചു. അത് ജൽസാ വേളയിൽ ഇംഗ്ലീഷിലും ഉർദുവിലും കേൾപ്പിക്കപ്പെട്ടു. യഥാർഥ സന്ദേശം ഇംഗ്ലീഷിലായിരുന്നു. അതിന്റെ ഉർദു തർജമ 27–7–2018 ന് അൽഫള്ൽ ഇന്റർനാഷണലിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ബദ്ർ വായനക്കാർക്കുവേണ്ടി അതിവിടെ സമർപിക്കുകയാണ്.(പത്രാധിപർ)**

അയർലൻഡ് (Ireland)അഹ്മദിയ്യാ ജമാഅത്തിലെ എന്റെ പ്രിയപ്പെട്ട അംഗങ്ങളേ!

*അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു.*

നിങ്ങളുടെ ജൽസ സാലാന 2018 ജൂലായ് 1ന് സംഘടിപ്പിക്കുന്നുവെന്നറിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അല്ലാഹു നിങ്ങളുടെ ഈ ജൽസ എല്ലാവിധത്തിലും വിജയിപ്പിക്കുമാറാകട്ടെ. പങ്കെടുക്കുന്ന എല്ലാവർക്കും– എല്ലാ ജൽസയിൽനിന്നും വ്യതിരിക്തമായ ഈ ജൽസയിൽ പങ്കെടുക്കുന്നതുകൊണ്ട് അല്ലാഹു ആത്മീയമായ നേട്ടങ്ങളും അറ്റമില്ലാത്ത അനുഗ്രഹങ്ങളും പ്രദാനം ചെയ്യുമാറാകട്ടെ.

ഇക്കാലത്ത് ലോകത്തിന്റെ അവസ്ഥ എങ്ങനെയായിരിക്കുന്നുവെന്നാൽ, മനുഷ്യത്വത്തിന് അല്ലാഹുവിലേക്ക് ശ്രദ്ധതിരിക്കേണ്ട അത്യാവശ്യമാണുള്ളത്; അവൻ നമ്മുടെ സ്രഷ്ടാവാകുന്നു. ഇപ്രകാരംതന്നെ ഈ ലോകത്തുള്ള എല്ലാ നിവാസികളും പരസ്പരം ശാന്തിയുടേയും ഐക്യത്തിന്റേയും ചുറ്റുപാടിൽ കഴിയണം. പരസ്പരം ആദരിക്കുകയും ബഹുമാനിക്കുകയും വേണം. ആഗോള സാഹോദര്യത്തിന്റെ ആത്മാവോടുകൂടി സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിൽ വ്യാപൃതരായിരിക്കണം. തന്റെ നിയോഗത്തിന്റെ ആരംഭം മുതലെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ രണ്ട് മഹത്തായ അടിസ്ഥാനപരമായ ഉദ്ദേശ്യങ്ങൾ സമർപിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിലാണ് അല്ലാഹു അദ്ദേഹത്തെ നിയോഗിച്ചത്. ഒന്നാമതായി മനുഷ്യന്റേയും ദൈവത്തിന്റേയുമിടയിൽ ഒരു ബന്ധം ഉണ്ടാക്കുന്നതിനാണ് അദ്ദേഹം അയക്കപ്പെട്ടത്. സർവലോകത്തിന്റേയും പരിപാലകനും സർവശക്തിയുടേയും ഉടമസ്ഥനുമായ സ്രഷ്ടാവിനെ സംബന്ധിച്ച് അറിവു നല്കുന്നതിന് താൻ അയക്കപ്പെട്ടിരിക്കുന്നുവെന്നതാണ് അദ്ദേഹത്തിന്റെ വാദം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജീവിതം മുഴുവൻ സർവശക്തനായ അല്ലാഹുവിന്റെ തിരുസന്നിധിയിൽ നമ്മൾ സുജൂദ് ചെയ്യേണ്ട ആവശ്യമുണ്ടെന്ന കാര്യം ഓർമിപ്പിച്ചുകൊണ്ടിരുന്നു. ലോകത്തിലെ സർവശക്തികളും കഴിവുകളും അല്ലാഹുവിന്റെ പ്രബലതയ്ക്കും ശക്തിക്കുമെതിരിൽ ഒന്നുമല്ലെന്ന കാര്യം അവിടന്ന് വന്ന് ലോകവാസികൾക്ക് പരിചയപ്പെടുത്തി.

അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ അയക്കപ്പെട്ടതിന്റെ രണ്ടാമത്തെ ഉദ്ദേശ്യം മനുഷ്യന് സൃഷ്ടികളോടുള്ള കടമകളെ കുറിച്ച് അറിയിപ്പു നല്കുക എന്നതാണ്. അദ്ദേഹം ജീവിതം മുഴുവൻ താക്കീതു ചെയ്തുകൊണ്ടിരുന്ന കാര്യമാണിത്.

യഥാർഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാര്യം വളരെ ഉദാത്തമായ രീതിയിൽ നമ്മെ പഠിപ്പിച്ചു. ഒരു മനുഷ്യൻ തന്റെ കൂട്ടുകാരനോടുള്ള കടമകൾ നിർവഹിക്കുകയാണെങ്കിൽ അതിന്റെ നിർബന്ധ ഫലം മാനുഷിക മൂല്യങ്ങളുടെ സ്ഥാപനത്തിന്റെ രൂപത്തിൽ ഫലമുളവാക്കുന്നതായിരിക്കും. മാനുഷികമൂല്യങ്ങൾ സ്ഥാപിക്കപ്പെടുമ്പോൾ മനുഷ്യൻ തന്റെ കൂട്ടുകാരനുമേൽ അക്രമം കാണിക്കാതിരിക്കുന്നതായിരിക്കും. അതിനാൽ ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങൾതന്നെയാണ് ശാന്തിയും സാമൂഹികമായ സമാധാനവും കരസ്ഥമാക്കുന്നതിനുള്ള അടിസ്ഥാനപരമായ മാർഗം.

ഈ ഉന്നതമായ ഉദ്ദേശ്യങ്ങൾ കരസ്ഥമാക്കുന്നതിന് ദൈവിക ഖിലാഫത്തിന്റെ വ്യവസ്ഥിതിയിലൂടെ അല്ലാഹു ജമാഅത്തിനു തന്റെ സമ്മാനം നല്കിയിരിക്കുന്നു. അതുകൊണ്ട് ജമാഅത്തിന്റെ അഭിവൃദ്ധിക്കും ആഗോളസമാധാനം കരസ്ഥമാക്കുന്നതിനും ഖിലാഫത്തുമായി ബന്ധം വെക്കണമെന്ന് നിങ്ങൾ എപ്പോഴും ഓർക്കേണ്ടതാണ്. ഞാൻ അയർലൻഡിലെ എല്ലാ ജമാഅത്തംഗങ്ങളേയും ആത്മാർഥതയോടും കൂറോടുംകൂടി അഹ്മദിയ്യാ ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കണമെന്ന കാര്യത്തിലേക്ക് വിളിക്കുകയാണ്.

നമ്മുടെ ആഗോളജമാഅത്തിന്റെ അംഗങ്ങൾക്ക് വളരെ സുപ്രധാനമായ കാര്യമാണ് ഏതു രാജ്യത്താണോ അവർ വസിക്കുന്നത് അവിടത്തെ നിയമങ്ങൾ പാലിക്കണമെന്നത്. മാതൃകാപരമായ പൗരനായിരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്. ഇപ്രകാരംതന്നെ അവർ തങ്ങളുടെ രാജ്യത്തിന്റെ വിജയത്തിനും ക്ഷേമത്തിനുംവേണ്ടി ഉന്നതമായ രീതിയിൽ ദേശവാസികളുമായി തങ്ങളെ സംയോജിപ്പിക്കുകയും (Integrate)സഹായിക്കുകയും ചെയ്യുക. ഇതു നമ്മുടെ യജമാനരായ നബി(സ)തിരുമേനിയുടെ അടിസ്ഥാനപരമായൊരു അധ്യാപനമാണ്; ദേശത്തോടുള്ള സ്നേഹം ഈമാനിന്റെ ഭാഗമാണ്! അതുകൊണ്ട് നിങ്ങളുടെ ജനതയ്ക്കുവേണ്ടി അഭിമാനവും ആത്മാർഥതയും പ്രകടിപ്പിക്കുക എന്നത് സ്വന്തം ദേശവാസികൾക്ക് നിങ്ങളുടെ ഭാഗത്തുനിന്നുള്ള ശാന്തിയുടേയും സമാധാനത്തിന്റേയും കെട്ടുറപ്പിനുള്ള മാർഗമായി സ്ഥാപിതമാകുമെന്ന കാര്യം അയർലൻഡിലെ ജമാഅത്തംഗങ്ങൾ ഓർക്കുക.

ഞാൻ തബ്ലീഗിനെ സംബന്ധിച്ച് നിങ്ങൾക്ക് നിങ്ങളുടെ നിർബന്ധ കടമകളെ പറ്റി ഓർമപ്പെടുത്താനാഗ്രഹിക്കുകയാണ്. അതാണെങ്കിൽ എല്ലാ അഹ്മദികൾക്കും നിർബന്ധവുമാണ്. ഇസ്‌ലാമിനെതിരെയുള്ള തെറ്റായ ധാരണകൾ അകറ്റുന്നതിന് നിങ്ങൾ പുതിയ വഴികൾ കണ്ടെത്തേണ്ടതാണ്. ഐറിഷ് ജനതയിൽ ഈ സമാധാനഭരിതമായ സന്ദേശം പ്രചരിപ്പിക്കുന്നതിന് നിരന്തരം പരിശ്രമിക്കേണ്ടതാണ്.

ഏറ്റവും കൂടുതൽ എം.ടി.എ കാണാനും ഞാൻ നിങ്ങളെ താക്കീതു ചെയ്യുകയാണ്. പ്രത്യേകിച്ചും എന്റെ ഖുത്ബകൾ ശ്രദ്ധാപൂർവം കേൾക്കുക. അവ മനസ്സിലാക്കുകയും എന്റെ നിർദേശങ്ങളും ഉപദേശങ്ങളുമനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും ചെയ്യുക. ഇതുമുഖേന നിങ്ങളുടെ ഈമാനിൽ ശക്തിയുണ്ടാകുമെന്ന് മാത്രമല്ല നിങ്ങൾക്ക് ഖിലാഫത്തിനോടുള്ള ബന്ധത്തിലും കൂടുതൽ വർധന ഉണ്ടാകും. നിങ്ങൾ പതിവായും ജമാഅത്തോടുകൂടിയും നമസ്കാരം അനുഷ്ഠിക്കേണ്ടതാണ്. അല്ലാഹുവിനോടു അടുപ്പമുണ്ടാക്കുന്ന ബന്ധത്തിന് ശ്രമിക്കുക.

അല്ലാഹു നിങ്ങളുടെ ജൽസയെ വിജയങ്ങൾകൊണ്ട് ആലിംഗനം ചെയ്യുമാറാകട്ടെ. നിങ്ങൾക്കെല്ലാവർക്കും തഖ്‌വയിലും ആത്മീയതയിലും അഭിവൃദ്ധിപ്പെടാൻ തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു നിങ്ങളുടെ ജീവിതങ്ങളിൽ സ്വാത്മപരിത്യാഗത്തിലും നന്മയിലും നിങ്ങളുടെ ജനതയിലും ലോകംമുഴുവനും സേവനം ചെയ്യുന്നതിലും ഒരു യഥാർഥ വിപ്ലവമുണ്ടാക്കാൻ സൗഭാഗ്യം തന്നരുളുമാറാകട്ടെ. ആമീൻ

വസ്സലാം
വിനീതൻ

മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ്

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin